# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.4/1815/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.4/1815/23 തീയ്യതി: 25/12/2023

## തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 09-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലീന.പി.ബി.( ഓഡിറ്റ് ഓഫീസർ ഹഗ്രേ)

ശ്രീ.അൻവർരാജ് .എം( സീനിയർ ഗ്രേഡ് ഓഡിറ്റർ )

ശ്രീമതി.കല.പി( ഓഡിറ്റർ )

ശ്രീ.രഞ്ജിത്ത് .സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മല്ലിക.റ്റി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുരേഷ്.കെ.വി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകുമാരി .എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.സൂരജ്.സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-09-2022 |
| ശ്രീമതി.പാർവ്വതി ഉണ്ണിത്താൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2022 | 31-03-2023 |
| ശ്രീ.രമേഷ്കുമാർ | കൃഷി ഓഫീസർ | 01-04-2022 | 11-08-2022 |
| ശ്രീ.ജിജു.ജെ.കെ | കൃഷി ഓഫീസർ | 11-08-2022 | 31-03-2023 |
| ഡോക്ടർ.ജിനുകുമാർ | വെറ്റിനറിസർജൻ | 01-04-2022 | 31-03-2023 |
| ഡോക്ടർ.സിമി സാരംഗ് | മെഡിക്കൽഓഫീസർ ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോക്ടർ.ദീപ.എം.എസ് | മെഡിക്കൽഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 31-08-2022 |
| ഡോക്ടർ.ബിന്ദു.റ്റി | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-09-2022 | 31-03-2023 |
| കുമാരി ഷീല | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| ശ്രീമതി.മിനിമോൾ | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ശ്രീമതി.ദിവ്യറാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-12-2022 |
| ശ്രീ.മനോജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 28-12-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.റ്റി.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.രതീഷ്. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| റോജ ചിരികണ്ടത്തിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ 1 | 01-04-2022 | 11-08-2022 |
| ശ്രീമതി.ജീന.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ 1 | 12-08-2022 | 12-10-2022 |
| ശ്രീമതി.സംഗീത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ 1 | 13-10-2022 | 11-12-2022 |
| ശ്രീമതി.ഷീജ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ 1 | 12-12-2022 | 31-03-2023 |
| റോജ ചിരികണ്ടത്തിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 01-04-2022 | 16-10-2022 |
| ശ്രീമതി.ദേവിക | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 17-10-2022 | 24-11-2022 |
| ശ്രീമതി.സംഗീത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 25-11-2022 | 11-12-2022 |
| ശ്രീമതി.ഷീജ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ2 | 12-12-2022 | 25-12-2022 |
| ശ്രീമതി.ഷാനി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 26-12-2022 | 31-03-2023 |
| ശ്രീമതി.ശ്രീജ.എഫ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ .സർക്കിൾ 3 | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-4 |
| 6 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-5 |
| 7 | പ്രതിമാസ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | നികുതി/ഫീസ് ഇനങ്ങളെ സംബന്ധിച്ച് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്/കളക്ഷൻ തുകകൾ, ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പരിശോധിക്കാൻ സാധിക്കുന്നില്ല. | 1-1-7 |
| 9 | Contractors Retension Money യുടെ AFS പ്രകാരമുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ജില്ലാ/ ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വരവു ചെലവു നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ബജറ്റ് രൂപീകരണം | 1-2-1 |
| 13 | പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-2 |
| 14 | ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. | 1-2-3 |
| 15 | വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു | 1-2-4 |
| 16 | സാമ്പത്തിക അവലോകനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം. | 1-4 |
| 18 | വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ വ്യത്യാസം | 1-4-1 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | മരണശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ച് നല്കി | 1-6-1 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | ഗ്രാമീണതൊഴിലുറപ്പ പദ്ധതി | 1-9 |
| 25 | വരവു ചെലവു കണക്കുകൾ | 1-9-1 |
| 26 | അടിസ്ഥാന വിവരങ്ങൾ | 1-9-2 |
| 27 | ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--മറ്റ് അപാകതകൾ | 1-9-3 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 30 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-12 |
| 31 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-13 |

| | | |
|---|---|---|
| 32 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 426530 രൂപ നഷ്ടമായി | 1-14 |
| 33 | ബാലൻസ്ഷീറ്റ് പ്രകാരം 3608619 രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-15 |
| 34 | തനത് വരുമാനം വർധിപ്പിക്കുന്നതിന് ടൂറിസം മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ് | 1-16 |
| 35 | മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നല്കിയിട്ടില്ല | 1-17 |
| 36 | ഭരണ സമിതി യോഗത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-18 |
| 37 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-19 |
| 38 | കെട്ടിട പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-20 |
| 39 | ഗവ. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - 'ഹോംകോ' കരാർ നിബന്ധന പാലിച്ചില്ല. | 1-21 |
| 40 | സുഭിക്ഷ കേരളം - ബയോ ഫ്ലോക്ക് മത്സ്യ കൃഷി പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-22 |
| 41 | ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 24,42,051/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 42 | വാർഡുകളിൽ പുതിയ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (സ്പിൽ ഓവർ) - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-24 |
| 43 | സ്മാർട്ട് ഗാർബേജ് ആപ്പ് - ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല | 1-25 |
| 44 | ഘടക സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-26 |
| 45 | ശമ്പള വൗച്ചർ പരിശോധന-വീട്ടുവാടക അലവൻസ് അധികമായി നൽകുന്നു. | 1-27 |
| 46 | വൗച്ചർ പരിശോധന-ചെലവുരേഖകൾ ഉൾപ്പെടുത്തിയില്ല. | 1-27-1 |
| 47 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമാണ്. | 1-28 |
| 48 | ഭവന നിർമ്മാണത്തിനായി നല്കിയ തുക പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചിട്ടില്ല. | 1-29 |
| 49 | ആയുഷ് എൻ.എച്ച്.എം. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ -'ഔഷധി' കരാർ നിബന്ധന പാലിച്ചില്ല. | 1-30 |
| 50 | അക്കൗണ്ട് നമ്പർ മാറി സബ്സിഡി ക്രെഡിറ്റ് ചെയ്തു | 1-31 |
| 51 | ആയുർവ്വേദ ആശുപത്രിക്ക് ചുറ്റുമതിലും, കവാടവും നിർമ്മാണം | 1-32 |
| 52 | ടേക്ക് എ ബ്രേക്ക് - കെട്ടിടം പണി പൂർത്തിയായിട്ടില്ല | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26/08/23 തിയ്യതിയിലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26/08/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 31/2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനഅനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ B-1( ലാന്റ്സ്കേയിപ്പിലുള്ളത്) ഷെഡ്യൂൾ വാർഷിക പത്രികക്കൊപ്പം ലഭ്യമല്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 4/22, 13/11/23) ILGMS സോഫ്റ്റ് വെയറിൽ അനുപാതങ്ങൾ, ലാന്റ് സ്കേപ്പ് മാതൃകയിലുള്ള റിപ്പോർട്ടുകൾ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ് എന്നാണ് ലഭിച്ച മറുപടി.

### 1-1-2 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം അസറ്റിന്റെ മൂല്യം 94990632/- രൂപയാണ്. എന്നാൽ 2022-23-ലെ ഓപ്പണിംഗ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന അസറ്റ് മൂല്യം 96460851/ രൂപയാണ്. വ്യത്യാസം 1470219/- രൂപ. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/15.11.23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-3 ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 ൽ ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സംവിധാനം ILGMS സോഫ്റ്റ്‌വെയറിൽ ഇല്ലായെന്നാണ് ലഭ്യമായ മറുപടി. (ഓഡിറ്റ് എൻക്വയറി (4/22, 13/11/23)

### 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ ലഭ്യമാക്കി. എന്നാൽ ആസ്തികൾ ആർജ്ജിച്ച തീയതി, മൂല്യം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3903996/-- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2455122/ രൂപയാണ്. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 4/22, 13.11.23) ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ് വെയറിൽ നിന്നും ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടാണ്. ടി റിപ്പോർട്ടിന്റെ ആധികാരികത വ്യക്തമല്ലായെന്നാണ് ലഭിച്ച മറുപടി.

### 1-1-6 പ്രതിമാസ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പത്രിക തയ്യാറാക്കിയിട്ടില്ല.

എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പത്രിക തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക വർഷവസാനമാണ് റീക്കൺസിലിയേഷൻ നടത്തിയത്.

### 1-1-7 നികുതി/ഫീസ് ഇനങ്ങളെ സംബന്ധിച്ച് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്/കളക്ഷൻ തുകകൾ, ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പരിശോധിക്കാൻ സാധിക്കുന്നില്ല.

| ക്രമ നം. | ഇനം | ഡിമാന്റ് | ഈ വർഷത്തെ കളക്ഷൻ | AFS-ലെ Balance |
|---|---|---|---|---|
| 1 | Profession Tax-Traders(Current) | 498130 | 339230 | 0 |
| 2 | Licence Fee For Factories, Traders, Entrepreneuors And Other Services (Current) | 743600 | 592600 | 0 |

വരവ് രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുടെ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (03/22, 09.11.23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-8 Contractors Retension Money യുടെ AFS പ്രകാരമുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2021-2022 സാമ്പത്തിക വർഷത്തെ B-7 ഷെഡ്യൂളിലെ നീക്കിയിരിപ്പും 2022-23 സാമ്പത്തിക വർഷത്തെ RP-33 (വരവ്), RP-33 (ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം Conractors Retension ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | B7-ലെ നീക്കിയിരിപ്പ് | യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Contractors Retension | 237957 | 103953 | 22148 | 339425 | 319762 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/22, 15/11/23) ജേണൽ വഴി ചെയ്യതുകൊണ്ടാണ് വ്യത്യാസം വന്ന തുക റസീപ്റ്റ് ആന്റ് പേയ്മെന്റ്

അക്കൗണ്ടിൽ വരാത്തത്. മുന്ന വർഷം കഴിഞ്ഞ റീടെൻഷൻ തുകകൾ തനതുഫണ്ടിലേയ്ക്ക് കൂട്ടിചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചു .

## 1-1-9 ജില്ലാ/ ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വരവു ചെലവു നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് I 6 പ്രകാരം | ആകെ | സുലേഖ പ്രകാരമുള്ള ചെലവുതുക | നീക്കിയിരിപ്പ് B/S B4 പ്രകാരം | വരവ് ചെലവ് തമ്മിലുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| Contribution For Joint Venture Projects From Dist Panchayat | 18104 | 3455000 | 3473104 | 3135000 | 18104 | 338104 |
| Contrubution For Joint Venture Projects From Block Panchayat | 5357406 | 6754110 | 12111516 | 2156704 | 0 | 9954812 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (08/22, 13/11/23) സംയുക്ത പ്രോജക്ടിന്റെ ചെലവുകൾ ഇ- ബിൽ വഴിയാണ് ILGMS -ൽ രേഖപ്പെടുത്തുന്നത് എന്നും 2021 -22 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വരവുതുകയിൽ നിന്നും ചെലവു കഴിച്ചുള്ള ബാലൻസ് തുകയായ 18104/-രൂപയാണ് നീക്കിയിരിപ്പായി 2022-23 സാമ്പത്തിക വർഷവും നിലനിൽക്കുന്നത് എന്ന് അറിയിച്ചു. മറുപടി തൃപ്തികരമല്ല. മേൽ പ്രകാരമുള്ള വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 25/03/2022- ാം തീയതിയിൽ തീരുമാനം നമ്പർ 1(1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 23/03/23 -തീയതിയിലെ തീരുമാനം നമ്പർ 1(1) പ്രകാരം അംഗീകരിച്ചു.

## 1-2-1 ബജറ്റ് രൂപീകരണം

| | ബജറ്റ് സംക്ഷിപ്തം | പുതുക്കിയ ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 13443298 | 158012451 |
| വരവ് | 573422000 | 458686669 |
| ആകെ | 586865298 | 616699120 |
| ചെലവ് | 574079000 | 608094364 |
| നീക്കിയിരിപ്പ് | 12786298 | 8604756 |

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാകണം വാർഷിക ബജറ്റ് രൂപീകരിക്കേണ്ടത്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല:-02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ്

ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## 1-2-2 പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

2022-23 പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരിത്താതെ ചെലവഴിച്ചതായി കാണുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമനം | ബജറ്റ് അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501014 | Agriculture And Related Sectors--Horticulture | 5775 | വകയിരിത്തിയിട്ടില്ല |
| 2 | 2501017 | Agriculture And Related Sectors--Floriculture | 18176 | വകയിരിത്തിയിട്ടില്ല |
| 3 | 2501025 | Agriculture And Related Sectors--Infrastructure | 20000 | വകയിരിത്തിയിട്ടില്ല |
| 4 | 2501027 | Agriculture And Related Sectors —Value Addtion Of Produce | 281840 | വകയിരിത്തിയിട്ടില്ല |
| 5 | 2511006 | SSA & Other Educational Programs | 800000 | വകയിരിത്തിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (21/22, 16/10/23) മറുപടി ലഭ്യമാക്കിയില്ല.

## 1-2-3 ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 158012451 | 18750816 |
| തൻവർഷം വരവ് | 458686669 | 83312085 |
| ആകെ വരവ് | 616699120 | 102062901 |
| ചെലവ് | 608094364 | 79408089 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 8604756 | 22654812 |

## 1-2-4 വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു

വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | Property Tax | 9500000 | 7567964 |
| 2 | 1301001 | Other Rent | 50000 | 1700 |
| 3 | 1303001 | Rent From Halls Auditoium | 100000 | 15000 |
| 4 | 1401201 | Permitt Fee | 650000 | 565539 |

ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് ( 22/22, 18/11/23) മറുപടി ലഭ്യമാക്കിയില്ല. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക അവലോകനം

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 18750816 |
| ഓഡിറ്റ് വർഷത്തെ വരവ് | 83312085 |
| ആകെ | 102062901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79408089 |
| നീക്കിയിരിപ്പ് | 22654812 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 308074432/- രൂപയും ചെലവ് 314966127/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 32114781 | 40324016 | -8209235 |
| വികസനഫണ്ട് (SCP) | 0 | 11056204 | 12598432 | -1542228 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 15704917 | 5056516 | 10648401 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6569913 | 5549388 | 1020525 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 10274000 | 8313585 | 1960415 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 41248000 | 15149656 | 26098344 |
| CSS | 0 | 0 | 1744252 | -1744252 |
| SSS | 0 | 0 | 4601332 | -4601332 |

## 1-4-1 വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ വ്യത്യാസം

വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 40324016 | 30369827 | 39734323+693693=40428016 |
| വികസന ഫണ്ട് ( എസ്.സി.പി) | 12598432 | 11073877 | 11473432+1125000=12598432 |
| വികസന ഫണ്ട് ( CFC Tied) | 5056516 | 6555285 | 5365949 |
| വികസന ഫണ്ട് ( CFC Untied) | 5549388 | 6349452 | 6338378 |
| Maintanance Fund Non-Road | | | |
| Maintanance Fund Road | 15149656 | 15578228 | 15149656 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് ( 20/22, 16/11/23) മറുപടി ലഭ്യമാക്കിയില്ല.


## 1-5 പദ്ധതി അവലോകനം

1)2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 42653000 | 40324016 | 2328984 |
| വികസനഫണ്ട് (എസ്.സി.പി) | 13855000 | 12598432 | 1256568 |
| മെയിന്റനൻസ് നോൺ റോഡ് | 10274000 | 8313585 | 1960415 |
| മെയിന്റനൻസ് റോഡ് | 41248000 | 15149656 | 26098344 |
| **ആകെ** | **108030000** | **76385689** | **31644311** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




(2)




പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 16 | 3 | 7394317 | 2259387 | 31 |
| വെറ്ററിനറി സർജൻ | 6 | 4 | 2 | 6356600 | 3241900 | 51 |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 23 | 21 | 2 | 9730837 | 6493740 | 66.73 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 2 | 2 | 0 | 1800000 | 1800000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 12 | 10 | 2 | 133850800 | 23466000 | 17.53 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 15 | 11 | 4 | 120083080 | 17534945 | 14.60 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 24 | 21 | 3 | 16815200 | 7491687 | 45 |
| സെക്രട്ടറി | 63 | 21 | 42 | 33786821 | 17628444 | 52.17 |
| ഹെഡ്മാസ്റ്റർ | 3 | 3 | 0 | 825000 | 808542 | 98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 134 | 66 | 68 | 76095697 | 24740083 | 32.51 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 5 | 8322390 | 3033780 | 36.45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 2 | 2 | 4990000 | 1643649 | 32.93 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 1305000 | 191296 | 14.65 |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 49900689 | 40324016 | 81 |
| എസ്.സി.പി. | 15458935 | 12598432 | 81 |
| ധനകാര്യകമ്മിഷൻ അവാർഡ് | 26722903 | 10605904 | 40 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7503686 | 1744252 | 23 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 61843505 | 4601332 | 7 |
| തനത് ഫണ്ട്. | 21489774 | 3647613 | 17 |
| ബ്ളോക്ക് പഞ്ചായത്ത് | 15075125 | 2156704 | 14 |
| മറ്റ് ജില്ലാപഞ്ചായത്ത് | 19130721 | 3135000 | 16 |
| മെയിന്റനൻസ് നോൺ റോഡ് | 12080214 | 8313585 | 69 |
| മെയിന്റനൻസ് റോഡ് | 48330921 | 15149656 | 31 |
| മറ്റുള്ളവ | 143103571 | 7866479 | 5.5 |
| ആകെ | 421355742 | 110333453 | 26 |

**ആസൂത്രണ സമിതി**

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ

ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ആഡിറ്റ് എൻക്വയറി 02/22, 09/11/23പ്രകാരം ലഭ്യമായ മറുപടിയിൽ ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട് എന്നറിയിച്ചു.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല. ആകെ 15പേർ അടങ്ങുന്ന അംഗങ്ങളാണ് ആസൂത്രണ സമിതിയിൽ ഉൾപ്പെടുന്നത്. വിഷയവിദഗ്ദർ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്. ആസൂത്രണ സമിതി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ രണ്ടു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത്. ആദ്യയോഗം 25.11.2022 ൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ 8 പേർ പങ്കെടുക്കുകയുണ്ടായി. രണ്ടാമത്തെ യോഗത്തിലും 8 പേർ പങ്കെടുത്തു. പ്രസ്തുത യോഗങ്ങളിൽ വിഷയതീരുമാനങ്ങൾ ഉൾപ്പെടുത്തിയ ചർച്ചയോ നിർദ്ദേശങ്ങളോ ഒന്നും തന്നെ നടന്നതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (37/22-23 20.11.23) മറുപടി ലഭ്യമാക്കിയില്ല

**<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (36/22-23 20.11.23)മറുപടി ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | റിമാർക്സ് |
|---|---|---|---|---|
| 1 | കുടിവെള്ളം, ശുചിത്വം | അതീവഗുരുതരം | കുന്നുകൂടുന്ന മാലിന്യം | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| | | | മാലിന്യപ്ളാന്റുകളുടെ അഭാവം | നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | തെരുവു നായ്ക്കളുടെ അമിത പ്രജനനം | പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | പൊതുമരാമത്ത് | ഗുരുതരം | റോഡുകളുടെ ശോചനീയാവസ്ഥ | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| | | | തെരുവുവിളക്കുകളുടെ പരിപാലനത്തിന്റെ അഭാവം | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| 4 | പട്ടികജാതി വികസനം | ഗുരുതരം | സങ്കേതങ്ങളിലെ അമ്മമാർക്കും കുട്ടികൾക്കുമുള്ള പോഷകാഹാരക്കുറവ് പരിഹരിക്കൽ | പ്രോജക്ട് വച്ചിട്ടില്ല |
| 5 | കുടിവെള്ള ക്ഷാമം | ഗുരുതരം | ഉയർന്ന പ്രദേശങ്ങളിലും മറ്റും കുടിവെള്ള പദ്ധതികളുടെ അപര്യാപ്തത | പ്രോജക്ട് വച്ചിട്ടില്ല |

**ഗ്രാമസഭകൾ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ ഇല്ലാത്തതായി കാണുന്നു

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നുണ്ട് എന്നാൽ ആ നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണം അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ മൂന്നു പ്രാവശ്യം മാത്രമേ നടന്നതായി കാണുന്നുള്ളൂ.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,438,400 | 222 |
| വിധവ പെൻഷൻ | 27,902,900 | 2125 |
| വാർദ്ധക്യകാലപെൻഷൻ | 55,704,500 | 4490 |
| വികലാംഗപെൻഷൻ | 7,089,600 | 504 |
| വിവാഹധനസഹായം | 240,000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 748,800 | 58 |
| തൊഴിൽ രഹിത വേതനം | 19080 | 15 |

## 1-6-1 മരണശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ച് നല്കി

1. ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്ന ആധാർ കാർഡിലെ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ | പെൻഷൻ സ്റ്റാറ്റസ് | പ്രതിമാസ പെൻഷൻ | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ നൽകിയ മാസം | അധികമായി നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ഭാസ്കരൻ | 102770203701 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 18-12-2022 | ജൂൺ 2023 | 9600 (1600x6) |
| 2 | ജയകുമാർ എസ് | 102770206818 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 13-02-2023 | ജൂൺ 2023 | 6400 (1600x4) |
| 3 | വിജയൻ പി | 102770205686 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 10-02-2022 | മെയ് 2022 | 4800 (1600x3) |
| 4 | അയ്യപ്പൻ നായർ എം | 101670215621 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 13-12-2022 | ജൂൺ 2023 | 9600 (1600x6) |
| 5 | പ്രസന്നകുമാരി | 102770601445 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | സസ്പെൻഡ് | 1600 | 29-10-2022 | ജൂൺ 2023 | 12800 (1600x8) |
| 6 | രാജമ്മ ജെ | 101670101365 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 1600 | 11-10-2022 | ജൂൺ 2023 | 12800 (1600x8) |
| 7 | സത്യരാജൻ | 102770400324 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | സസ്പെൻഡ് | 1600 | 2-10-2022 | ജൂൺ 2023 | 12800 (1600x8) |
| 8 | സീത | 102770200508 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 2-11-2022 | ജൂൺ 2023 | 11200 (1600x7) |
| 9 | ബേബി അമ്മ | 102770600314 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | സസ്പെൻഡ് | 1600 | 18-10-2022 | ജൂൺ 2023 | 12800 (1600x8) |
| 10 | പെൻസി | 102770204941 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 1600 | 23-3-2022 | ജൂൺ 2023 | 24000 (1600x15) |

അധികമായി നൽകിയിരിക്കുന്ന തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം

ലഭ്യമാക്കാനും മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പാറശ്ശാല ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റി വന്നിരുന്ന വത്സല സി എന്ന വ്യക്തി ( പെൻഷണർ ഐ.ഡി 103000200062 ) 17-11-2022 ൽ മരണപ്പെട്ടതും ടി വ്യക്തിയുടെ മരണം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 19-11-2022 ൽ സമർപ്പിച്ച അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി വ്യക്തിയുടെ മരണം സംബന്ധിച്ച വിവരം പാറശ്ശാല പഞ്ചായത്തിൽ അറിയിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 26 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീയതി. 02-08-2021 ലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2023 തീയതിയിൽ 11.15 Am സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 269/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

താഴെ പറയുന്നപരാമർശങ്ങളിൽ അപാകം പരിഹരിക്കേണ്ടവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം നടത്തി നൽകിയിട്ടുണ്ട്.

2022 -23 സാമ്പത്തികവർഷം ഒരു തവണമാത്രമാണ് (1.12. 2022 - ൽ )സ്റ്റാഫ് മീറ്റിങ്ങ് കൂടിയിരിക്കുന്നത് .

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫോറങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചിട്ടുണ്ട്.

പൗരാവകാശരേഖ 2022 ൽ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ സചിത്രസോഫ്റ്റ് വെയറിൽ സൂക്ഷിച്ചുവരുന്നു.

ഡെപ്പോസിറ്റ് രജിസ്റ്റർ , ഗ്രാന്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ , ലോൺ രജിസ്റ്റർ , എന്നീ പ്രധാനപ്പെട്ട രജിസ്റ്ററുകളൊന്നും തന്നെ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതെല്ലാം എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

### 1-9-1 വരവ് ചെലവ് കണക്കുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | **വരേണ്ട നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 1634617 | 1510753 | 3145370 | 2377411 | 767959 | 838581 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 73494525 | 73494525 | 0 | 0 | 0 |
| ആകെ | 0 | 75005278 | 76639895 | 0 | 0 | 0 |

നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-9-2 അടിസ്ഥാന വിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തി ആഡിറ്റ് എൻക്വയറി (05/22, 13/11/23) പ്രകാരം വിവരങ്ങൾ ലഭ്യമാക്കി.

| | |
|---|---|
| 2022-23 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 9015 |
| പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം | 370 |
| 2022-23 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | 3132 |
| 100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം | 1492 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 23 |
| വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2035 |
| അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 2035 |
| തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം | 186 |
| തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 143 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | |
| തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 168158 |
| പരാതി രജിസ്റ്റർ പരിപാലനം (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ആസ്തി രജിസ്റ്റർ (ഉണ്ട്/ ഇല്ല) | ഉണ്ട് |
| ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 708.07 |
| മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ് | 25.47 |
| പൂർത്തീകരിച്ച സ്ഥിര ആസ്തികളുടെ വിവരം /മൂല്യം | 89 |
| 22-23-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും | 329<br>746.68 |
| തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി/കൺവീനർമാരായി പ്രവർത്തിക്കുന്നവരുടെ എണ്ണം | 70 |

### 1-9-3 ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--മറ്റ് അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

3. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

6. Muster Roll Movement Slip , Work Completion Certificate എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.3.2022 | 1.8.2021 – 31.3.22 | 31.3.2022 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 2019-20 | Supplimentory Audit 2018-19 To 2019 - 20 | ലഭിച്ചിട്ടില്ല |

## 1-11 തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം

പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19.11.23 ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവയെ ആണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സാമ്പത്തിക വർഷാരംഭത്തിൽ പുതിയ ധന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാന്റിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടതിന് 'ക്യാമ്പ് കളക്ഷൻ നടത്തി വരുമാനം പിരിച്ചെടുക്കുന്നുണ്ടെന്ന് മറുപടി നല്കിയെങ്കിലും നികുതി-നികുതിയേതര വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കപ്പെടുന്നില്ല. തനത് വരുമാനം 90% എങ്കിലും പിരിച്ചെടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം 426530 രൂപ കുറവ് ചെയ്തിട്ടുണ്ട്. തനതുവരുമാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3. 2023 മാർച്ച് 31 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ വസ്തു നികുതി ഇനത്തിൽ 3789050 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് മുഴുവൻ തുകയും തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 20/07/2023 ലെ I (1) നമ്പർ തീരുമാന പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. 1-08-2023 ലെ 6 (1) നമ്പർ തീരുമാന പ്രകാരം സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക 7567964 രൂപയാണെന്ന് അറിയിച്ചെങ്കിലും നികുതി പരിഷ്കരിച്ച ശേഷമുള്ള ഡിമാൻഡ് തുക എത്ര രൂപയാണെന്ന് കൃത്യമായി അറിയിച്ചിട്ടില്ല. പരിഷ്കരിച്ച നികുതി നിരക്ക് പ്രകാരമുള്ള തുക മുഴുവനായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

5. ഗ്രാമ പഞ്ചായത്തിന്റെ വരവ്- ചെലവ് കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ ആരും തന്നെ തനത് വരവ് രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. കൃത്യമായ ഇടവേളകളിൽ രജിസ്റ്ററുകൾ പരിശോധിച്ച് നികുതി – നികുതിയേതര വരവ് പിരിച്ചെടുക്കുന്നതിലെ കൃത്യതയും

പുരോഗതിയും വിലയിരുത്തേണ്ടതാണ്.

6. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തൻ വർഷം ഡിമാന്റ് ചെയ്തതിൽ വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക 6909341 (3649756+3259585) രൂപയാണ്. ലൈബ്രറി സെസ് ഒഴികെയുള്ള തുക 6575170 രൂപയുമാണ് . എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 6459299 രൂപയാണ് കളക്ഷൻ തുക ( 3,006,177+3,453,122) . തൻ വർഷത്തെ കളക്ഷൻ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ ബാലൻസ് തുകകളും ഇത് കാരണം തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകൾ തമ്മിലുള്ള വ്യത്യാസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7. തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തിയതി ,തീരുമാന നമ്പർ എന്നിവ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് 1-08-2023 ലെ 6 (1) നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട് എന്ന് അറിയിച്ചു. റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് 1-08-2023 ലെ 6 (1) നമ്പർ തീരുമാന പ്രകാരം നടപടി സ്വീകരിച്ച് 30-10-2023 ൽ പ്രസിദ്ധീകരിച്ചു എന്ന് മറുപടി നല്കിയെങ്കിലും മാപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. റോഡ് മാപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

8. തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി നല്കി. ലഭ്യമാക്കിയ മറുപടി പൂർണ്ണവും വ്യക്തവുമല്ല. ഫീൽഡ് തല അന്വേഷണം നടത്തിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെയും വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

9. തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

10. നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വിവരങ്ങൾ ILGMS ലും സഞ്ചയയിലും ലഭ്യമാണ് എന്നതാണ് ഇതിന് ലഭിച്ച വിശദീകരണം . നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതാണ്

11. തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നുമില്ല. സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമ പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

12. പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. പുതിയ സേവനനികുതി മാർഗ്ഗങ്ങൾ കണ്ടെത്തി അധികമായി ലഭിക്കുന്ന തുക തനത്ഫണ്ടിൽ മുതൽക്കൂട്ടി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

13. തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആയത് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് മറുപടി നല്കിയെങ്കിലും ഫീൽഡ് തല അന്വേഷണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

14. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

15. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് /സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ് വർക്ക്, ഹൌസ് ബോട്ടുകൾ, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല എന്ന് മറുപടി നല്കി. വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശിപാർശ സമർപ്പിക്കാവുന്നതാണ്

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിഭവങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തൻ വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ് വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താനും നികുതി ചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിലെ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1. ഓരോ സാമ്പത്തിക വർഷവും നികുതി നികുതിയേതര വരുമാനത്തിന്റെ പിരിവിനായി ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച ശേഷം തിരിച്ചേൽപ്പിക്കുകയും രസീത് ബുക്കിന്റെ ദുരുപയോഗം തടയുന്നതിലേക്കായി ഉപയോഗ ശേഷം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടാതായുമുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ച പല രസീത് ബുക്കുകളിലെയും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | ആകെയുള്ള 100 രസീതുകളിൽ ആകെ ഉപയോഗിച്ച രസീത് |
|---|---|---|
| 1 | 21142 | 58 |
| 2 | 21135 | 59 |
| 3 | 21136 | 10 |
| 4 | 21143 | 12 |
| 5 | 21139 | 66 |
| 6 | 21134 | 40 |
| 7 | 21141 | 67 |

ഉപയോഗ ശേഷം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കാത്തതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി നം.13/15.11.23 വഴി ആവശ്യപ്പെട്ടതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പകരം ഉപയോഗ ശേഷം ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കാമെന്നാണ് മറുപടി അറിയിച്ചിരിക്കുന്നത്

2. 28-03-2011 ലെ ജി.ഒ. (എം .എസ്) നമ്പർ : 83/11/എൽ.എസ്.ജി.ഡി നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള 2011- ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 എ പ്രകാരം പിരിവിന് നിയോഗിച്ച ഉദ്യോഗസ്ഥൻ എല്ലാ പണം വരവുകൾക്കും വീഴ്ച കൂടാതെ രസീത് നല്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകളുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നല്കേണ്ടതുമാണ് (ചട്ടം 20-സി). എന്നാൽ രസീതിന്റെ പകർപ്പ് തുക ഒടുക്കിയ വ്യക്തിക്ക് നല്കാതെ ഒറിജിനൽ രസീതിനൊപ്പം സൂക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | ആകെ ഉപയോഗിച്ച രസീതുകളുടെ എണ്ണം |
|---|---|---|
| 1 | 21142 | 58 |
| 2 | 21135 | 59 |

21142 നമ്പർ രസീത് ബുക്കിലെ രസീതിന്റെ പകർപ്പിൽ കാർബൺ പ്രിന്റ് പതിഞ്ഞിട്ടില്ല. 2011 ലെ അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 സി പ്രകാരം രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതുന്നവയായിരിക്കണം . പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/15.11.23 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

3. 2011 ലെ അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 19-2 പ്രകാരം ലഭിച്ച എല്ലാ തുകകളും നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് ട്രഷറി അക്കൌണ്ടിലോ ദേശസാൽകൃത ബാങ്ക് അക്കൌണ്ടിലോ സഹകരണ ബാങ്ക് അക്കൌണ്ടിലോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ബാങ്ക് അക്കൌണ്ടിലോ ട്രഷറി അക്കൌണ്ടിലോ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ രസീത് നല്കി പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. | രസീത് പ്രകാരമുള്ള തുക | കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 21129 | 61 | 57 | 55 |
| 2 | 21141 | 54 | 444 | 434 |
| 3 | 21139 | 37 | 168 | 158 |

പ്രസ്തുത അപാകം ഓഡിറ്റ് എൻക്വയറി നം.13/15.11.23 വഴി ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ആകെ 13 രൂപ 1230204527 തീ.17-11-2023 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും ഒടുക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

4. 21129 ാം നമ്പർ രസീത് ബുക്കിലെ 63 ാം നമ്പർ രസീത് ക്യാൻസൽ ചെയ്തതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത രസീതിന്റെ പകർപ്പ് ഒറിജിനൽ രസീതിനൊപ്പം സൂക്ഷിച്ചിട്ടില്ല . ഒറിജിനൽ രസീതിൽ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തിയിട്ടുമില്ല. രസീതിന്റെ പകർപ്പ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.13 വഴി ആവശ്യപ്പെട്ടതിന് പ്രസ്തുത രസീത് ക്യാൻസൽ ചെയ്തതിന്റെ പകർപ്പ് ഒറിജിനൽ രസീതിനൊപ്പം സൂക്ഷിക്കാൻ കഴിയാത്തവിധം നഷ്ടപ്പെട്ടതിനാൽ 1230204526 ാം നമ്പർ രസീത് പ്രകാരം ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയതിന്റെ കാരണം രേഖപ്പെടുത്തി രസീതിന്റെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും കൌണ്ടർഫോയിലിൽ സൂക്ഷിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

5. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90 (എ) പ്രകാരം എല്ലാ രസീതുകളിലും അക്കത്തിലും അക്ഷരത്തിലും തുക എഴുതേണ്ടതാണ്. ചുവടെ ചേർക്കുന്ന രസീത് ബുക്കുകളിൽ ഈടാക്കുന്ന തുകയുടെ വിവരം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തുന്നതിന് പകരം പല രസീതുകളിലും അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | രസീത് ബുക്ക് നം. |
|---|---|
| 1 | 21146 |
| 2 | 21129 |

പ്രസ്തുത അപാകം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/15.11.23 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്കുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശ പ്രകാരം രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടില്ല.

ടി ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ഇപ്രകാരമാണ്.

- എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്
- നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും

വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

- പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണ സമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 9/13.11.23 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. കേരള പഞ്ചായത്ത്‌രാജ് നിയമം , 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-14 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 426530 രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 426530 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 9/13.11.23 ന് മറുപടി നല്കിയിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തനത് സാമ്പത്തിക വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയിട്ടില്ല. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-15 ബാലൻസ്ഷീറ്റ് പ്രകാരം 3608619 രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 2023 മാർച്ച് 31 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി 6,230,871 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 2,622,252 രൂപ കഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനമായ ബാക്കി **3608619** രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നാളിതുവരെ ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 9/13.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|
| 431100101 | Receivables For Property<br>Tax On Residential Buildings(Current) | 746476 |
| 431100102 | Receivables For Property<br>Tax On Residential Buildings (Arrears) | 1403177 |
| 431100103 | Receivables For Property<br>Tax On Non-Residential Buildings (Current) | 417622 |
| 431100104 | Receivables For Property<br>Tax On Non-Residential Buildings (Arrears) | 1221775 |

| | | |
|---|---|---|
| 31910101 | State Govt. Cesses/ Levies In Property<br>Taxes - Control Account | -180431 |
| ആകെ | | **3608619** |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും പിരിച്ചെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തനത് വരുമാനം വർധിപ്പിക്കുന്നതിന് ടൂറിസം മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 9 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർധിപ്പിക്കുന്നതിന് ടൂറിസം മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-17 മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നല്കിയിട്ടില്ല

1. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 2520 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 468 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 17 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 27 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 39 |
| 5 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 16 |
| | ആകെ | 3087 |

412 സ്ഥാപനങ്ങൾക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് . ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 ന് ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് മാത്രമാണ് ലഭിച്ച മറുപടി. ഫീൽഡ് തല അന്വേഷണം നടത്തി ലൈസൻസ് ഇല്ലാതെ വാണിജ്യ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ഗ്രാമ പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള പക്ഷം ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 28 വഴി ആവശ്യപ്പെട്ടതിന് 2022-23 സാമ്പത്തിക വർഷത്തിൽ റേഷൻകട ഉടമകൾ ലൈസൻസ് ലഭ്യമാക്കുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിട്ടില്ലെന്നും വീണ്ടും നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 1 ന് നല്കിയ മറുപടിയിലും അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-18 ഭരണ സമിതി യോഗത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

സകർമ്മ മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 29/18.11.23 വഴി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത യോഗ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല. യോഗ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് .

| ക്രമ നം. | തീയതി | ഭരണ സമിതി തീരുമാന നം. | തീരുമാനം |
|---|---|---|---|
| 1 | 23/04/2022 | 8/8 | ബഹു.കളക്ടറുടെ നിർദ്ദേശാനുസരണം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഭഗവതിനട, മൊട്ടമൂട് എന്നീ വാർഡുകളിൽ നിർമ്മിക്കുന്ന ടവറിനെ സംബന്ധിച്ച് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സാഹചര്യത്തിൽ പൊതുജനങ്ങളെയും, പരാതിക്കാരെയും കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി തീരുമാനം കൈകൊണ്ട ശേഷം മാത്രമെ ടി ടവർ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂവെന്ന് യോഗം ടവർ നിർമ്മാണ സ്ഥാപനത്തോട് നിർദ്ദേശം നൽകി തീരുമാനിച്ചു. |
| 2 | 23/04/2022 | 8/53 | പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം വിദ്യായാത്രാ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായിവാങ്ങിയ സൈക്കിളുകളിൽ ജനറൽ വിഭാഗത്തിൽ 13 സൈക്കിളും പട്ടികജാതി വിഭാഗത്തിൽ 17 സൈക്കിളും അവശേഷിക്കുന്നുണ്ട്. ടി സൈക്കിളുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി ടി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16/10/2021, 29/01/2022 എന്നീ തീയതികളിലെ DDP-TVM/1409 /2021-D നമ്പർ കത്തുകൾ പ്രകാരവും, വിജിലൻസ് അധികാരികളുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലും ആയവ വിതരണം ചെയ്യുന്നതിന് അടുത്ത ഗ്രാമസഭയിൽ ചർച്ച ചെയ്ത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് യോഗം തീരുമാനിച്ചു. |
| 3 | 05/07/2022 | 5. അജണ്ട, തീരുമാന നമ്പർ :- 1 | പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ വിദ്യായാത്ര പദ്ധതി മുഖേന വിതരണം ചെയ്യാൻ അവശേഷിക്കുന്ന 30 സൈക്കിളുകൾ കാലപ്പഴക്കം മൂലം തുരുമ്പ് അടക്കമുള്ള കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും, ആയത് അടിയന്തിരമായി നന്നാക്കി വിതരണം ചെയ്യുന്നതിനായി കേടുപാടുകൾ നന്നാക്കി നൽകുന്നതിന് തയ്യാറുള്ള സൈക്കിൾ വർക്ക് ഷോപ്പുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 4 | 18/05/2022 | 10/16 | കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാംഘട്ടമായ പ്രാവച്ചമ്പലം മുതൽ കൊടിനട വരെ റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി വിട്ടു നൽകിയവർ ബാക്കി വന്ന വസ്തുവിൽ വീട്, കടമുറികൾ എന്നിവ അനുമതിയില്ലാതെ പണികഴിപ്പിച്ച് താമസിച്ചുവരികയാണെന്നും, ഇത്തരം കടകൾക്കോ, വീടുകൾക്കോ നമ്പർ നൽകിയിട്ടില്ലായെന്നും, ഒന്നാം ഘട്ടമായ കരമന പ്രാവച്ചമ്പലം വരെയുള്ള 58 വീടുകൾക്ക് വികസനത്തിന് ഭൂമി വിട്ടുനൽകിയെന്ന മാനദണ്ഡത്തിൽ നമ്പർ നൽകിയതായി അറിയാൻ കഴിഞ്ഞുവെന്നും, ആയതിനാൽ നിയമവശം പരിശോധിച്ച് പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകിയ |

| | | | |
|---|---|---|---|
| | | | നിരവധി വാർഡുകളിൽ ഉള്ള ഇത്തരം വീടുകൾക്കും, കടകൾക്കും നമ്പർ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 21-ാം വാർഡിലെ മെമ്പർ ശ്രീ തമ്പി എന്നവർ സമർപ്പിച്ച കത്തിൻമേൽ യോഗം ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയപാത വികസനത്തിന് ഭൂമി വിട്ടു നൽകിയവരിൽ പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളിൽ അവശേഷിക്കുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹു.സർക്കാരിനോട് ഈ യോഗം ഐകകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 5 | 06/06/2022 | 1/9 | പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 23-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ആനന്ദാസ് ഹോട്ടൽ എന്ന സ്ഥാപനത്തിൽ പഴകിയ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നുവെന്നും, ഹോട്ടലിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാതെ ഹോട്ടലിനുള്ളിൽ തന്നെ സൂക്ഷിക്കുന്നുവെന്നും, ടി സ്ഥാപനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്നുമുള്ള പരാതിയിൻമേൽ യോഗം ചർച്ച ചെയ്തു. മേൽ സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ പരിശോധന നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുവാനും ആയതിൻമേൽ സ്വീകരിച്ച നടപടി ഈ ഓഫീസിൽ അറിയിക്കുവാനും ഫുഡ്സേഫ്റ്റി ഓഫീസറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു |
| 6 | 06/06/2022 | 1/18 | പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 17-ാം വാർഡിൽ പ്രവർത്തിക്കുന്ന രമ്യ കല്യാണ മണ്ഡപം പുനർനിർമ്മാണം നടത്തി ഏര്യ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, അതിന് ആനുപാതികമായി നികുതി ഒടുക്കുന്നില്ലായെന്നുമുള്ള ജനപ്രതിനിധികളുടെ ആക്ഷേപത്തിൻമേൽ യോഗം ചർച്ച ചെയ്തു. ടി കെട്ടിടം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിസ്തൃതയിൽ അധികരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും LID&EW അസി.എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയും, നാളിതുവരെയുള്ള ലൈസൻസ് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. |
| 7 | 06/06/2022 | 7/20 | പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ മൂക്കുന്നിമലയിലെ പാറ/ക്വാറി/ക്രഷർ യൂണിറ്റുകൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23) യുടെ 25-ാം മത് റിപ്പോർട്ടിൻമേൽ യോഗം ചർച്ച ചെയ്തു. നിലവിൽ മൂക്കുന്നിമല കേന്ദ്രീകരിച്ച് ഒരു ക്വാറിയും, ഒരു റെഡിമിക്സ് യൂണിറ്റും ആറ് ക്രഷർ യൂണിറ്റുകളുമാണ് നിലവിൽ പ്രവർത്തിച്ച് വരുന്നതെന്നും ഇവയ്ക്ക് നിയമാനുസൃത സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതായും യോഗം വിലയിരുത്തി. സർക്കാർ ഭൂമിയാണോ വ്യക്തികളുടെ ഭൂമിയാണോ എന്ന് ചിന്തിച്ചതല്ലാതെ മൂക്കുന്നിമലയിലെ ആവാസവ്യവസ്ഥയും, ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി ഒരു സർക്കാർ വകുപ്പും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ലായെന്നും, ആയതിനാൽ ജൈവവൈവിധ്യമാർന്ന ജൈവസമ്പത്തുള്ള മല എന്ന പരിഗണന കൊടുത്ത് മൂക്കുന്നിമലയെ കുറിച്ച് സമഗ്രമായ പഠനം നടത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മലനിരകളെ സംരക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്തത് യോഗം അംഗീകരിക്കുകയും താഴെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.<br>1. പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23)യുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള മേൽനോട്ട സമിതിയിൽ ജൈവവൈവിധ്യ പരിപാലന സമിതിയുടെ അംഗത്തെ കൂടി ഉൾപ്പെടുത്തുന്നതിന് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.<br>2. മൂക്കുന്നിമലയിലെ എല്ലാ സാധ്യമായ ക്വാറികളിലും ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ കേരളത്തിലെ തദ്ദേശീയ മത്സ്യഇനങ്ങളോ വംശനാശ ഭീഷണി നേരിടുന്ന ഇനം മത്സ്യങ്ങളോ തെരഞ്ഞെടുത്ത് മത്സ്യകൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.<br>3. ഉപേക്ഷിക്കപ്പെട്ട ക്വാറിയിൽ കാണപ്പെടുന്ന അധിനിവേശ ജലസസ്യമായ ആഫ്രിക്കൻ പായൽ ബി.എം.സി യുടെ നേതൃത്വത്തിൽ നീക്കം ചെയ്യുന്നതിനും, അപകടം ഒഴിവാക്കുന്നതിന് ക്വാറിക്ക് ചുറ്റും സംരക്ഷണവേലി നിർമ്മിക്കുന്നതിന് ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.<br>4. മൂക്കുന്നിമലയിലെ ഫയർഫോഴ്സ് റഡാർ സ്റ്റേഷനുകളിൽ വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജൈവൈവിധ്യം സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതി തയ്യാറാക്കുന്നതിന് വിംഗ് കമാൻഡർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.<br>5. ക്വാറിയിലെ ഡ്രില്ലിംഗ്, പാറപൊട്ടിക്കൽ മുതലായ പ്രവർത്തികൾ കാരണം ഉണ്ടാകുന്ന ശബ്ദ, വായുമലിനീകരണം നിയന്ത്രണവിധേയമാക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ ക്വാറി ഉടമകൾക്ക് നേരിട്ടും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മുഖേനയും നിർദ്ദേശം നൽകുന്നതിന് അഭ്യർത്ഥിക്കാനും തീരുമാനിച്ചു. ക്വാറി/ക്രഷർ മൂലം റോഡിലും മറ്റും അടിഞ്ഞുകൂടുന്ന പൊടിപടലങ്ങൾ ടക്ക് ഉപയോഗിച്ച് വെള്ളം തളിച്ച് പരിഹരിച്ചുവരുന്ന നടപടി നിർബാധം തുടരുന്നതിന് ക്വാറി/ക്രഷർ ഉടമകൾക്ക് നിർദ്ദേശം നൽകാനും യോഗം തീരുമാനിച്ചു.<br>6. ക്വാറി മൂലമുള്ള വായുമലിനീകരണം തടയുന്നതിന് ക്വാറിയ്ക്ക് ചുറ്റും 7.5 മീറ്റർ ചുറ്റളവിൽ തദ്ദേശീയമായ സസ്യങ്ങളെ നട്ട് വളർത്തികൊണ്ട് ഒരു "പ്ലാന്റ് ബഫർ ഏര്യ" സൃഷ്ടിക്കുന്നതിനും, ക്വാറി/ക്രഷറുകളിൽ നിന്നും സപ്ലൈ ചെയ്യുന്ന സാധനങ്ങൾ വാഹനങ്ങളിൽ അടച്ച് മൂടി മാത്രമെ കൊണ്ടുപോകാൻ പാടുള്ളൂവെന്ന് ഡ്രൈവർമാർക്ക് കർശന നിർദ്ദേശം നൽകുന്നതിന് ക്വാറി ഉടമകളോട് ആവശ്യപ്പെടാനും, ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യ പരിപാലന സമിതിയിക്ക് നിർദ്ദേശം നൽകാനും തീരുമാനിച്ചു.<br>7. ക്വാറികളിൽ ബെഞ്ച് കട്ടിംഗ് സിസ്റ്റം ഉപയോഗിക്കാനും, ആയത് വഴി കുത്തനെയുള്ള ആഴം കൂടിയ ചരിവുകൾ കുറച്ച് ക്വാറിയിലെ മണ്ണിടിച്ചിൽ സാധ്യത കുറയ്ക്കുന്നതിന് ക്വാറി ഉടമകൾക്ക് നേരിട്ടും ജിയോളജി ആന്റ് മൈനിംഗ് വകുപ്പ് മുഖേനയും അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.<br>8. ക്വാറി പ്രവർത്തനം മൂലമുണ്ടാകുന്ന ജൈവൈവിധ്യ നഷ്ടം പരിഹരിക്കുന്നതിന് മുറിക്കുന്ന ഒരു മരത്തിന് പകരം 3 മരങ്ങൾ വച്ച് പിടിപ്പിക്കാൻ ക്വാറി/ക്രഷർ ഉടമകൾക്ക് നിർദ്ദേശം നൽകാനും, ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്നുറപ്പാക്കാൻ ബി.എം.സി യെ ചുമതലപ്പെടുത്തിയും യോഗം തീരുമാനിച്ചു. |

ഇപ്രകാരം ഭരണ സമിതി യോഗ തീരുമാനങ്ങളിൽ നടപടി സ്വീകരിക്കാതെയുണ്ടെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-19 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ , റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കാൻ എൻക്വയറി നം. 27/18.11.23 വഴി ആവശ്യപ്പെട്ടതിന് സർക്കുലറിലെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ചതിന്റെ യാതൊരു വിധ രേഖയും ലഭ്യമാക്കിയില്ല. വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ അവശ്യം വേണ്ട പാർക്കിംഗ് ഇല്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിയുള്ള അപേക്ഷകൾ കാണാനിടയായി. ഇതിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുള്ള പക്ഷം തുടർ നടപടി വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 2818.11.23 വഴി ആവശ്യപ്പെട്ടതിനും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല അന്വേഷണം നടത്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കെട്ടിട പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

l.)മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ - 29.01.2020ലെ ആർ. എ1/444/2019/തസ്വഭവ സർക്കുലർ, പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ കെട്ടിടനിർമ്മാണാനുമതി നൽകുന്ന രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും, ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.

12900/ആർ.എ1/2015/തസ്വഭവ, 2/12/2015 സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ അപേക്ഷാഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും, അപൂർണ്ണമോ അപാകതയുള്ളതോ ആണെങ്കിൽ കൂടി ആയത് കറണ്ട് നമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നമ്പർ, തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റു ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും, രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ് പരിശോധിച്ച വിവരം തീയതി വെച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ഓഡിറ്റ് റിക്വസിഷൻ 2 ലൂടെ ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമാക്കിയ രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ.) ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തണം എന്ന് സർക്കുലർ പ്രകാരം നിർദ്ദേശമുണ്ടെങ്കിലും, അപേക്ഷ കൈപ്പറ്റുന്ന തീയതിയുടെ അടിസ്ഥാനത്തിൽ അല്ല വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നത്. ഉദാ. പെർമിറ്റ് രജിസ്റ്റർ ക്രമ നം. 491 തപാൽ 2985 Dt. 17-04-2023, പെർമിറ്റ് രജിസ്റ്റര് ക്രമ നം. 512 -തപാൽ നം. 2069 Dt. 15-03-23.

ബി.) രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന പല അപേക്ഷകളിന്മേൽ അപേക്ഷാ ഫീസ് മാത്രമാണ് ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. പെർമിറ്റ് ഫീസ്, പെർമിറ്റ് നം എന്നിവ രേഖപ്പെടുത്തിയിട്ടില്ല . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജിസ്റ്റർ ക്രമ നം | അപേക്ഷകൻ | ഉപയോഗക്രമം | പെർമിറ്റ് നൽകിയ തീയതി |
|---|---|---|---|
| 291 | പ്രവീൺകുമാർ/പ്രദീപ്കുമാർ, പ്രകാശ് | കൊമേഴ്സ്യൽ, 1446.2ച.മീ | 19/04/23 |
| 295 | അജി ആർ, രവിനിവാസ് | റെസിഡെൻഷ്യൽ, 115ച.മീ | 21/2/23 |
| 284 | ശ്രീജിത്ത് പി.എസ്/അർച്ചന വിജയൻ, ശ്രീപത്മ | റെസിഡെൻഷ്യൽ, 241ച.മീ | 7/1/23 |
| 281 | രാജീവ് എം.അർ, രാജസ്വം | റെസിഡെൻഷ്യൽ, 155ച.മീ | 9/1/23 |
| 252 | സുമേഷ് കെ എ, ശരണം | റെസിഡെൻഷ്യൽ, 505.37ച.മീ | 21/1/23 |
| 180 | ജഗനാഥൻ കെ, ശരണ്യ | റെസിഡെൻഷ്യൽ, 148.28ച.മീ | 4/4/23 |
| 484 | അഘിലേഷ്, രേഷ്മ | റെസിഡെൻഷ്യൽ, 108.21ച.മീ | 2/3/23 |

സി.) 2022-23 വർഷത്തിൽ 2 പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമ നം. കൃത്യമല്ല. 319 മുതൽ 325 വരെയുള്ള ക്രമ നം. രണ്ട് രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് രജിസ്റ്ററുകളിലായി ഒരേ ക്രമ നമ്പരിൽ വ്യത്യസ്ത വ്യക്തികൾക്ക് പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ ചേർത്തിരിക്കുന്നു ആയതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

| പെർമിറ്റ് രജിസ്റ്റർ ക്രമ നം | തപാൽ നമ്പർ, അപേക്ഷകർ |
|---|---|
| 319 | 4209,2/12/22 ബഞ്ചമിൻ, ലില്ലിപുഷ്പം<br>10927,16/12/22 സുരേഷ്കുമാർ കെ എൻ, മേക്കേത്തട്ട് |

| | |
|---|---|
| 320 | 8478, 28/7/22നിർമ്മല സത്യകുമാർ, മനു<br>10974,19/12/22 മേരി ഷെറിൻ എം |
| 321 | 10504/22, 28/7/22രാജേഷ്, സുധ എ<br>10973, 19/12/22 നസ്രത്ത്ബീഗം എസ് |
| 322 | 3617/2022 തീയതി രേഖപ്പെടുത്തിയിട്ടില്ല. മാധവ്,മഞ്ജുഷ,രേവതി<br>11046, 21/12/22 സുജ സി, നിബിൻദാസ് |
| 323 | 10641, 6/12/23 സനൽകുമാർ നായർ, ഉഷ നായർ, രാധാനിലയം<br>11057, 21/12/22 ശരത്ചന്ദ്രൻ എൻ, ത്രിനേത്ര |
| 324 | 4016, തീയതി രേഖപ്പെടുത്തിയിട്ടില്ല. Ownership Changed To M.K Builders And Developers, Dhanya Pradeep<br>11055, 21/12/22 റോബർട്ട് ആർ, ഷിജി ഭവൻ |
| 325 | 2877, തീയതി രേഖപ്പെടുത്തിയിട്ടില്ല. ജി.എസ് ശിവകുമാർ<br>11128, 24/12/22 സിമി ആർ ആർ, അർച്ചന നിവാസ് |

ഡി.) സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ അപേക്ഷകൾ വേർതിരിച്ച് രേഖപ്പെടുത്തിയതായി കാണുന്നില്ല. 2022-23 വർഷത്തെ പെർമിറ്റ് വിവരങ്ങൾ ചേർത്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് പേജ് നം. 55 മുതലാണ്. ഇത്തരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമ നം. 1 മുതൽ ക്രമ നം. 729 വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങളിൽ ക്രമ നം.1 ന്റെ അപേക്ഷ തീയതി 21.12.21 ഉം (-തപാൽ-A3/12598 Date-21.12.21 Permit No. BA-116374/22, 5.4.22) അവസാനം തീർപ്പാക്കിയ തപാലിന്റെ അപേക്ഷാ തീയതി 17.10.23 ഉം (ക്രമ നം.729- തപാൽ-7403 Date-17.10.23, ) അവസാനത്തെ അപേക്ഷയായ ക്രമ നം.740 ന്റെ അപേക്ഷാ തീയതി 28.10.23, ഉം ആണ്. ( തീർപ്പാക്കാൻ അവശേഷിക്കുന്നത്- തപാൽ-7661 Date-28.10.23 ).

II.) സഞ്ചയയിൽ പെർമിറ്റ് നമ്പർ രേഖപ്പെടുത്താതെ കെട്ടിട നമ്പർ അനുവദിക്കുന്നു.

2022-23 വർഷം പഞ്ചായത്തിൽ 831 കെട്ടിടങ്ങൾക്ക് നികുതി അസെസ്സ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം അസെസ്സ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഏകദേശം 200 എണ്ണത്തിന് പെർമിറ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/15.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട ഉടമ, കെട്ടിട നം | ഉപയോഗക്രമം | തറവിസ്തീർണ്ണം |
|---|---|---|---|
| 1 | രക്ഷിത്ര ജഗൻ, 22/607A | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 1130.1ച.മീ |
| 2 | ശിവകുമാർ വി, 18/ 135E, 18/135A, 18/135B, 18/135C, 18/135D, 18/135F, 18/135G, 18/135H, 18/135I | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 231.02ച.മീ |
| 3 | ബിന്ദു എൽ, 19/265A | പാർപ്പിടാവശ്യം | 160.78ച.മീ |
| 4 | സുരേഷ് എസ് , ദിവ്യ എസ്, 17/ 313A | പാർപ്പിടാവശ്യം | 248.14ച.മീ |
| 5 | ഷിക്കു, ദീപിക , 23/580B | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 12.57 ച.മീ |

III.)അഞ്ചു വർഷത്തിലധികം പഴക്കമുള്ള പെർമിറ്റ് നമ്പറുകൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്നു.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 15 പ്രകാരം അനുവദിച്ചിട്ടുള്ള വികസന പെർമിറ്റിന്, കെട്ടിട നിർമ്മാണ പെർമിറ്റിന് അത് അനുവദിച്ച തീയതി മുതൽ അഞ്ചു വർഷത്തേക്കാണ് സാധുത. പെർമിറ്റ് സാധുത കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ സെക്രട്ടറി 5 വർഷത്തേക്ക് ഒരു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി കൊടുക്കേണ്ടതാണ്. എന്നാൽ 10 വർഷ കാലയളവിശേഷം പെർമിറ്റ് നീട്ടി നൽകേണ്ട സംഗതിയിൽ സർക്കാർ രൂപീകരിക്കുന്ന (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം IX) കമ്മറ്റിക്ക്

രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതും കമ്മറ്റി വ്യവസ്ഥകൾ ചേർത്ത് കൊണ്ടോ അല്ലാതെയോ പെർമിറ്റിന്റെ കാലാവധി ഒരിക്കൽ കൂടി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതുമാണ്. പെർമിറ്റ് കാലാവധി അവസാനിച്ചശേഷം സമർപ്പിക്കുന്ന അപേക്ഷ സെക്രട്ടറിക്ക് മൊത്തം സാധുത കാലയളവ് ആദ്യമായി പെർമിറ്റ് നൽകിയ തീയതി മുതൽ 10 വർഷത്തിൽ കവിയരുതെന്ന് നിബന്ധനയ്ക്ക് വിധേയമായി 5 വർഷക്കാലയളവിലേക്ക് കൂടി പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ പത്ത് വർഷ കാലയളവിന് ശേഷവും പെർമിറ്റ് പുതുക്കേണ്ട ആവശ്യകതയുള്ള സംഗതിയിൽ പെർമിറ്റ് കാലാവധി തീർന്ന മൂന്നവർഷത്തിനുള്ളിൽ കമ്മിറ്റിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതും കമ്മിറ്റിക്ക് പെർമിറ്റിന്റെ കാലാവധി അതിനു തോന്നുന്ന വിധം നിബന്ധനകളോടെയോ അല്ലാതെയോ പുതുക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്. ഓരോന്നിനും ചട്ടപ്രകാരമുള്ള പുതുക്കലിന്റെയും ദീർഘിപ്പിക്കലിന്റെയും അടിസ്ഥാനത്തിലുള്ള ഫീസും ഈടാക്കേണ്ടതാണ്. 2022-23 വർഷം പഞ്ചായത്തിൽ സഞ്ചയ പ്രകാരം നികുതി അസെസ്സ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ലഭ്യമാക്കിയ ലിസ്റ്റ് പരിശോധിച്ചതിൽ പെർമിറ്റ് 5 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ആയതിന് പുതുക്കൽ/ദീർഘിപ്പിക്കൽ (Renewal/Extention) അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/15.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ, കെട്ടിട നം., തറവ്യസ്തീർണ്ണം | ഉപയോഗക്രമം | പെർമിറ്റ് നമ്പർ |
|---|---|---|---|
| 1 | രാജേഷ് രജീഷ്, രജനീവിലാസം, 5/206A, 18.9 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | BRA 301/13-14, 1/10/2014 |
| 2 | സജേഷ് കുമാർ എസ്.എ, ജയന്തി കൃഷ്ണ കെ. ജെ, പുളിമൂട്ട് വീട് 10/706A, 289.99 ച.മീ | പാർപ്പിടാവശ്യം | 228/13-14, തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ജിഷ്ണു കെ, ശാരദാ എസ്. എം, 1/733A, 137.44 ച.മീ | പാർപ്പിടാവശ്യം | 220/AE/LSGD/PP/11-12(പെർമിറ്റ് നമ്പറിന്റെ സ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്നത്.) 10/25/2011 |
| 4 | അജി.എസ്, ശുഭാലയം, 14/777A, 142.56 ച.മീ | പാർപ്പിടാവശ്യം | 202/15-16, 12/23/2015 |
| 5 | സഹദേവൻ, രാഗിണി, ചൈത്രം, 15/834D, 149.96ച.മീ | പാർപ്പിടാവശ്യം | 237/13-14, 2/17/2014 |

IV.) സഞ്ചയ പ്രകാരം ലഭ്യമാക്കിയ 2022-23 വർഷം കെട്ടിട നികുതി അസെസ്സ് ചെയ്ത് കെട്ടിട നം. അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് (ആദ്യ 50 കെട്ടിടങ്ങൾ), ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നം. നൽകി നികുതി അസെസ്സ് ചെയ്തിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിരിക്കുന്ന പെർമിറ്റ് നം (ഫയൽ/സഞ്ചയ) സങ്കേതം സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ പെർമിറ്റ് റിപ്പോർട്ടിൽ (1.4.2018-31.3.2023) ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട ഉടമ, കെട്ടിട നം. | സഞ്ചയ/ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്ന പെർമിറ്റ് നം |
|---|---|---|
| 1 | അരുൺ എസ്.കെ , ലക്ഷ്മി മുരളീധരൻ | A3- 75/2020-21 |
| 2 | ആനന്ദ് മുരുകൻ | A3-155/2020-21 |
| 3 | ചിത്ര വൈ ജി | A3-148/2020-21 |
| 4 | വിമൽ വി ആർ | A6-BA(178773)/2019 |
| 5 | അനി എസ് | A3- 70/2020-21 |
| 6 | സൈമൺ വി ജെ | A3- 7824/21 |
| 7 | അനു ജെ | A3- 156/2020-21 |

| | | |
|---|---|---|
| 8 | സന്തോഷ്/രജനി | A3- 503/2019-20 |
| 9 | ആനന്ദ് വി | 403/18-19 |
| 10 | സരസമ്മ | 342/18-19 |
| 11 | മണിക്കുട്ടൻ | 07/18-19 |
| 12 | വിജയലക്ഷ്മി എസ് വി | A3- 31/2020-21 |
| 13 | സുനിൽകുമാർ/സജിതാ ആർ നായർ | 2/2018-19 |
| 14 | ആർ ബൽരാജ് | A3- 202/2020-21 |
| 15 | രാഖി എ | A3- 103/2020-21 |

V.) റെഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കുന്നു.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 92 പ്രകാരം ഏതെങ്കിലും പ്രവർത്തികൾ അംഗീകൃത പ്ലാൻ കൂടാതെയോ അല്ലെങ്കിൽ അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ച് ആരംഭിക്കുകയോ നടത്തിക്കൊണ്ടു പോവുകയോ അല്ലെങ്കിൽ പൂർത്തീകരിക്കുകയോ ചെയ്താൽ അത് ക്രമവൽക്കരിക്കാൻ സെക്രട്ടറിക്ക് അധികാര ഉണ്ട്. ചട്ടം 95 (2) പ്രകാരം സെക്രട്ടറി ക്രമവൽക്കരണം അനുവദിക്കാനാണ് തീരുമാനിക്കുന്നത് എങ്കിൽ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അതിൽ രാജിയാക്കൽ ഫീസായി അടയ്ക്കേണ്ട തുകയും എത്ര ദിവസത്തിനുള്ളിൽ അടയ്ക്കണം എന്നതും വ്യക്തമാക്കിയിരിക്കേണ്ടതാണ്. ചട്ടം 95 (4) പ്രകാരം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2022-23 വർഷം കെട്ടിട നികുതി അസെസ്സ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഏപ്രിൽ, മെയ് മാസങ്ങളിലെ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ഫീസ് കൃത്യമായി ഈടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട ഉടമ | പെർമിറ്റ് പ്രകാരം ബിൽഡ് അപ്പ് ഏരിയ/കംപ്ലീഷൻ പ്ലാൻ പ്രകാരം ബിൽഡ് അപ്പ് ഏരിയ | ഈടാക്കിയ റെഗുലറൈസേഷൻ ഫീസ് | ഈടാക്കേണ്ട റെഗുലറൈസേഷൻ ഫീസ് |
|---|---|---|---|---|
| 1 | മനു ജെ ശിവദാസ് | 246.36m2/251.29m2 | 4.93*3.5*3=52/- | 4.93*7*2 |
| 2 | രാമചന്ദ്രൻ കെ, സുലോചന | 178.30m2/189.52m2 | 11.22*3.5*3=118/- | 11.22*7*2 |
| 3 | വിമൽ വി ആർ | 180m2/182.50m2 | 2.5*3.5*3=26/- | 2.5*7*2 |

കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അനുവദിക്കുമ്പോൾ പഞ്ചായത്ത് നിശ്ചയിച്ച ഫീസ് ഈടാക്കിയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

VI.) ഫയലുകളിൽ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ -12900/ആർ.എ1/2015/തസ്വഭവ, 2/12/2015 സർക്കുലർ പ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എൻജിനീയറിങ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ് എ ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, കൂടാതെ നിർമ്മാണം കെട്ടിട നിർമ്മാണ നിയമങ്ങളും മറ്റ് അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് സ്ഥല പരിശോധന നടത്തിയ അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിൻറെ പേര്, വാർഡ് നമ്പർ, സർവ്വേ റിസർവേ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്ന സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോ എന്നത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്, എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ നമ്പറിംഗ് ഫയലുകൾ (ഏപ്രിൽ, മെയ് മാസങ്ങളിലെ ലഭ്യമാക്കിയ ഫയലുകൾ) പരിശോധിച്ചതിൽ മിക്കതിലും എല്ലാ രേഖകളും സൂക്ഷിക്കുന്നില്ല. ഇൻസ്പെക്ഷൻ റിപ്പോർട്ട് ഒരു ഫയലിലും സൂക്ഷിക്കുന്നില്ല. പെർമിറ്റ് അനുവദിക്കുമ്പോൾ നൽകുന്ന അപ്രൂവ്ഡ് പ്ലാനിന്റെ കോപ്പി, പെർമിറ്റിന്റെ കോപ്പി എന്നിവ എല്ലാ ഫയലുകളിലും സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവുകൾ പ്രകാരം കൃത്യമായ പരിശോധന നടത്തിയ ശേഷം മാത്രം സെക്രട്ടറി കെട്ടിട നമ്പർ അനുവദിക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറി നം. 24/17.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

VII.) മൊബൈൽ ടവറിന്റെ പെർമിറ്റ് ഫീസ് ഈടാക്കിയില്ല- 10000/- രൂപയുടെ നഷ്ടം

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം XVIII ൽ വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റിനെപ്പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം 87(6)ൽ വാർത്താവിനിമയ ഗോപുരങ്ങളുടെ അപേക്ഷ ഫീസ്- 1000/- രൂപ,

പെർമിറ്റ് ഫീസ്- എത്ര ഉയരമുള്ള ഗോപുരങ്ങൾക്കും 10000/- രൂപ

ഉൺ പണിപ്പാടിന് (എത്രയെങ്കിലും ഉൺകളുള്ള ഒരു യൂണിറ്റിന്) 2500/- രൂപ

പെർമിറ്റ് അനുവദിച്ച് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.

പെർമിറ്റ് രജിസ്റ്റർ പേജ് നം 64ൽ 61ാം ക്രമ നം. ആയി ATC Telecom Infrastructure Pvt Ltd ( Occupancy- Tower) തപാൽ നം. 977, 19/5/2022 പ്രകാരം പെർമിറ്റിന് അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ പ്രകാരം BA-194981/22 (13.6.2022 മുതൽ 12.6.2023 വരെ) ഒരു വർഷ കാലയളവിലേക്ക് പെർമിറ്റ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ ഫീസ് 1220300272 രസീത് പ്രകാരം 1000 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടവറിന്റെ പെർമിറ്റ് ഫീസ് രസീത് നം. 2770022602 Dt. 13-06-2022 പ്രകാരം 1000/- രൂപ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ടവറിന്റെ പെർമിറ്റ് ഫീസ് 10000/- രൂപയാണെന്നിരിക്കെ 1000/- രൂപ മാത്രം ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണവും, ഐ.എൽ.ജി.എം.എസിൽ ടി രസീത് (2770022602 Dt. 13-06-2022) നമ്പർ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത രസീതിന്റെ പകർപ്പും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനകം ഓഡിറ്റ് ആവശ്യപ്പെട്ട രസീതിന്റെ (1000/- രൂപ)സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കാത്തപക്ഷം കുറവാക്കി ഈടാക്കിയ 9000/- രൂപ പെർമിറ്റ് അനുവദിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഗവ. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ – 'ഹോംകോ' കരാർ നിബന്ധന പാലിച്ചില്ല.

പദ്ധതി നമ്പർ :23/23
പദ്ധതിയുടെ പേര് :ഗവ. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ
അടങ്കൽ തുക :3,00,000/-
ചെലവ് തുക :3,00,000/-
ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ: തീയതി, തുക :286//06.10.2021, 3,00,000/-

മരുന്നുകളുടെ വിലയായി 3,00,000/-രൂപ 06.10.2022-ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| എൽ. എഫ്. 949 | 10.08.2023 | 1,95,920/- | 14.08.2023 |
| എൽ. എഫ്.1835 | 25.10.2023 | 1,04,080/- | 28.10.2023 |
| | | 3,00,000/- | |

മരുന്ന് വിതരണക്കാരായ **'ഹോംകോ'** യുമായി 11.11.2022 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി **9 മാസത്തിനകം** പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം **'ഹോംകോ'** വഹിക്കുമെന്നുമാണ്. മരുന്നുകൾ ഇത്രയും വൈകി വിതരണം ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11 /തീയതി:15.11.2023) മറുപടി ലഭ്യമാക്കിയില്ല. അവശ്യ സേവനങ്ങളായ മരുന്നുകൾ കൃത്യ സമയത്ത് തന്നെ ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-22 സുഭിക്ഷ കേരളം – ബയോ ഫ്ലോക്ക് മത്സ്യ കൃഷി പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

A) പദ്ധതി നം. : 100/23

പദ്ധതിയുടെ പേര് : സുഭിക്ഷ കേരളം - ബയോ ഫ്ലോക്ക് മത്സ്യ കൃഷി

(സ്പിൽ ഓവർ)

അടങ്കൽ തുക: 6,90,000/-

ചെലവ് തുക: 65,784/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നമ്പർ: തീയതി, തുക : 2/16.07.2022, 31,420/-

3/07.10.2022, 34,364/-

B.

പദ്ധതി നമ്പർ :99/23

പദ്ധതിയുടെ പേര്: സുഭിക്ഷ കേരളം - മത്സ്യ കൃഷി പദ്ധതി (സ്പിൽ ഓവർ)

അടങ്കൽ തുക: 6,15,000/-

ചെലവ് തുക : 1,25,512/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നമ്പർ: തീയതി, തുക : 1/16.07.2022, 1,25,512/-

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥലം പരിശോധന നടത്തി, പദ്ധതിക്ക് അനുയോജ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഫീൽഡ് തല പരിശോധന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.മേൽ പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

3. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ രണ്ടു പദ്ധതികളിലുമായി 174000 (92000+82000) വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

പദ്ധതികളുമായി ബന്ധപ്പെട്ട മേൽ പറഞ്ഞിട്ടുള്ള രേഖകൾ മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതംഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 24,42,051/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോസ്ഥനായി നടപ്പിലാക്കിയ ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ -

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക | ലഭ്യമാക്കേണ്ടത് | ബിൽ നമ്പർ: തീയതി, തുക |
|---|---|---|---|---|---|
| 106/23 | സമഗ്ര ശിക്ഷ കേരള - എസ്.എസ്.കെ.- വിഹിതം | 8,00,000/- വികസന ഫണ്ട് | 8,00,000/- | സമഗ്ര ശിക്ഷ കേരള | 328/26.10.2022, 8,00,000/- |
| 136/23 | 94-ാം നമ്പർ അംഗനവാടി കെട്ടിടത്തിനുള്ള വിഹിതം | 5,00,000/- തനതു ഫണ്ട് | 5,00,000/- | ബി.ഡി.ഒ, നേമം ബ്ലോക്ക് | ---- |
| 107/23 | ഡി.പി.സി. കെട്ടിടത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 3,50,000/- വികസന ഫണ്ട് | 3,50,000/- | ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി | 243/19.09.2022, 3,50,000/- |
| 122/23 | തെരുവ് വിളക്ക് - പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ | 2,00,000/- തനത് ഫണ്ട് | 91,152/- | കെ.എസ്.ഇ.ബി | ലഭ്യമല്ല |
| 124/23 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 11,50,000/- ധനകാര്യ | 6,01,388/- | കെ.എസ്.ഇ.ബി | 1.295/10.10.2022, 1,21,006/- |

| | | | | | |
|---|---|---|---|---|---|
| | | കമ്മീഷൻ ഗ്രാന്റ് | | | 2. 388/26.11.2022, 10,014/<br>3. 424/23.12.2022, 49,971/-<br>4.454/06.01.2023, 58,632/-<br>5.1066/24.03.2023, 3,61,765/- |
| 123/23 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 2,00,000/-<br>തനത് ഫണ്ട് | 99,511/- | കെ.എസ്.ഇ.ബി | 33/20.11.23 |
| | | **ആകെ** | **24,42,051/-** | | |

മേൽ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33, 35 തീയതി 20.11.23) മറുപടിയായി പ്രസ്തുത പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ തൻവർഷം കൈമാറിയ ചെലവ് തുക 24,42,051/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 വാർഡുകളിൽ പുതിയ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (സ്പിൽ ഓവർ) - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ : 55
പദ്ധതിയുടെ പേര് : വാർഡുകളിൽ പുതിയ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (സ്പിൽ ഓവർ)
അടങ്കൽ തുക : 15,87,000/-
ചെലവ് തുക : 15,87,000/-
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ/തീയതി, തുക : 224/13.08.2022, 15,87,000/-
നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റ് എൻക്വയറി മുഖേന (30/18.11.23) ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക 15,87,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സ്മാർട്ട് ഗാർബേജ് ആപ്പ് - ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല

പദ്ധതി നമ്പർ : 304/23
പദ്ധതിയുടെ പേര് : സ്മാർട്ട് ഗാർബേജ് ആപ്പ്
അടങ്കൽ തുക : 2,04,900/-
ചെലവ് തുക : 2,04,900/-
ഫണ്ടിനം : വികസന ഫണ്ട്
ബിൽ നമ്പർ : തീയതി, തുക : 1092/28.03.2023, 2,04,900/-

ജി.ഒ(ആർ.ടി) നമ്പർ 2307/21/LSGD തീയതി 18.11.21 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം സാധാരണ വിഹിതം, 15 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനയ്ക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യങ്ങൾക്ക് ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.ആയതിൻ പ്രകാരം നടപ്പാക്കിയ മേൽ പദ്ധതിയിടെ ചെലവുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും ലഭിച്ച ചുവടെ വിവരിക്കുന്ന പ്രൊഫോർമ ഇൻവോയ്സുകളാണ് ഫയലിൽ ഉള്ളത്.

1. എസ്.ജി.എം.എസ്/582/22-23, തീയതി 27.02.2023, 1,42,900/- രൂപ
2. എസ്.ജി.എം.എസ്.-എ/2635/22-23 തീയതി 27.02.2023, 62,000/- രൂപ

ചെലവിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/18.11.23 ന് മറുപടി

ലഭ്യമാക്കിയില്ല. ടാക്സ് ഇൻവോയ്സ് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഘടക സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

പദ്ധതിയുടെ പേര് : ഘടക സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പദ്ധതി നമ്പർ : 113/23

ബിൽ നമ്പർ: തീയതി, തുക :

1) 185/25.08.2022, 1,49,040/-

2) 404/06.12.2022, 49,560/-

3) 497/25.01.2023, 3,16,043/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

ചെലവ് തുക : 5,14,643/-

അടങ്കൽ തുക : 6,00,000/-

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 514643/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ തുകയിൽ നിന്നും 149040/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/23 തീയതി 18.11.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ തുടർ നടപടി വിവരവും ചെലവ് രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-27 ശമ്പള വൗച്ചർ പരിശോധന-വീട്ടുവാടക അലവൻസ് അധികമായി നൽകുന്നു.

പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചപ്പോൾ HRAഅടിസ്ഥാന ശമ്പളത്തിന്റെ 4% നൽകുന്നതിനു പകരം 10% നൽകിയതായി കാണുന്നു. ഇത്തരത്തിൽ ശമ്പളം നൽകാൻ ഇടയായ സാഹചര്യം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/22, 20/11/23) നഗരപരിധിയിൽ നിന്ന് ഒരു കിലോ മീറ്റർ ദൂരം വരെയുള്ള പഞ്ചായത്തുകൾക്ക് നഗരത്തിലേതു പോലെയുള്ള വീട്ടു വാടക അലവൻസ് നൽകാം എന്നതിനാലാണ് ഇപ്രകാരം നൽകിയതെന്നാണ് ലഭ്യമായ മറുപടി. എന്നാൽ ജി ഒ (പി) നം. 27/2021 Fin Dt, 10/02/2021 പ്രകാരം നഗര പരിധിയിൽ നിന്ന് 1 കിലോമീറ്റർ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ പ്രവൃത്തി എടുക്കുന്നവ രും നഗരസഭാ നിരക്കിൽ വീട്ടു വാടക അലവൻസ് വാങ്ങി വരുന്നവരുമായ ജീവനക്കാർക്ക് HRAയിൽ 10%വർദ്ധനവ്ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.വാങ്ങിക്കൊണ്ടിരുന്ന അലവൻസ് തുകയിൽ നിന്ന് 10%വർദ്ധനവോ അതാത് സ്ഥാപനത്തിന് ബാധകമായത് ഏതാണോ കൂടുതൽ അതാണ് നൽകേണ്ടത്. അർഹതക്കനുസരിച്ച് വീട്ടുവാടക അലവൻസ് നൽകി തുടർ നടപടി അറിയിക്കേണ്ടതാണ്.

## 1-27-1 വൗച്ചർ പരിശോധന-ചെലവുരേഖകൾ ഉൾപ്പെടുത്തിയില്ല.

2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 2023 ജനവരി മാസത്തിലെ വൗച്ചർ പരിശോധനയിൽ റിഫ്രഷ്മെന്റ് ചാർജ്ജിനായി ചുവടെ ചേർക്കുന്ന തുകകൾ ചെലവായതായി കാണുന്നു

എന്നാൽ അവ എന്താവശ്യത്തിന് ചെലവഴിച്ചു എന്നതിന്റെ രേഖ ഉൾപ്പെടുത്തിയിട്ടില്ല.

| തീയതി | തുക | കോഡ് | വൗച്ചർ നം. |
|---|---|---|---|
| 07/01/23 | 2000 | 220120107 | ഇല്ല |
| 10/01/23 | 7400 | 220120107 | 62240024600921 |
| 11/01/23 | 2750 | 220120108 | 62240024600922 |
| 11/01/23 | 1160 | 220120108 | 62240024600927 |
| 16/01/23 | 7635 | 220120107 | 62240024600921 |
| 16/01/23 | 3490 | 220120107 | 890 |
| 20/01/23 | 32000 | 220120108 | 62240024600947 |

ഈ തുകകൾ വിനിയോഗിച്ചതുമായി ബന്ധപ്പെട്ട ചെലവുരേഖയോ, കമ്മറ്റി കൂടിയ രേഖയോ അതുമായി ബന്ധപ്പെട്ട മിനിട്സോ ഓഡിറ്റിൽ ഹാജരാക്കിയില്ല . ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (36/22, 20/11/23) മറുപടി ലഭ്യമാക്കിയില്ല

## 1-28 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമാണ്.

I) 2022-23 സാമ്പത്തിക വർഷം 3 സർക്കിളുകളിലായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഏറ്റെടുത്ത് നടപ്പിലാക്കിയ 21 പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിൽ ഭൂരിഭാഗം ഫയലിലും പൂർണ്ണവും കൃത്യവുമായ വിവരങ്ങളോ രേഖയോ ഉൾപ്പെട്ടിട്ടില്ല. ഫയലുകളുടെ പരിപാലനം തൃപ്തികരമല്ല. ഓരോ പ്രോജക്ടിന്റെയും പ്രോജക്ട് രൂപീകരണ ഫോറം, ഗുണഭോക്തൃ പട്ടിക, സാംഖ്യ ബില്ലുകൾ, അപേക്ഷകൾ ,രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിന് ഒരു ഏകീകൃത മാർഗ്ഗം സ്വീകരിച്ചിട്ടില്ല. ചില പദ്ധതി ഫയലുകളിൽ പ്രോജക്ട് രൂപീകരണ ഫോറവും സാംഖ്യ ബില്ലുകളും അതത് പദ്ധതി ഫയലിൽ സൂക്ഷിക്കുമ്പോൾ മറ്റ് പല പദ്ധതികളുടെയും പ്രോജക്ട് രൂപീകരണ ഫോറവും സാംഖ്യ ബില്ലുകളും മുഴുവനായി പ്രിന്റ് ചെയ്ത് പ്രത്യേക ഫയലിൽ ക്രമ രഹിതമായാണ് സൂക്ഷിച്ചിരിക്കുന്നത്. ചില പദ്ധതികളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലിൽ പദ്ധതിയുടെ ലക്ഷ്യവും പ്രവർത്തനവും വിവരിക്കുന്ന പ്രോജക്ട് രൂപീകരണ ഫോറം ഉൾപ്പെടുത്തിയിട്ടുമില്ല. തൻവർഷത്തെ സാംഖ്യ ബില്ലുകൾക്കൊപ്പം മുൻവർഷങ്ങളിലെ ബില്ലുകളും ആശയക്കുഴപ്പം സൃഷ്ടിക്കും വിധം ക്രമ രഹിതമായി സൂക്ഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ സൂക്ഷിച്ചിരുന്ന സാംഖ്യ ബില്ലുകൾ തരം തിരിച്ച് പരിശോധിച്ചതിൽ പല പദ്ധതികളുടെയും ബില്ലുകൾ പൂർണ്ണമല്ലാത്തത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഓഡിറ്റ് വേളയിൽ ടി ബില്ലുകളൊക്കെയും പ്രിന്റ് എടുത്ത് ലഭ്യമാക്കുകയാണുണ്ടായത്. ഓഡിറ്റിന് മുന്നോടിയായി രേഖകൾ പരിശോധനയ്ക്ക് സജ്ജമാക്കാത്തത് കാരണം ഓഡിറ്റിന് അനുവദിച്ച സമയം നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയ പല പദ്ധതി ഫയലിലും സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയെക്കാളും കൂടുതൽ തുകയുടെ സാംഖ്യ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതും വിവിധ പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതുമായ ഇത്തരം അപാകങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | ശ്രദ്ധയിൽപ്പെട്ട അപാകം |
|---|---|---|
| 1 | 279, ഹരിത കർമ്മ സേന<br>38, ഹരിത കർമ്മ സേന<br>39, ഐ.ഇ.സി ബോധവത്കരണ പരിപാടി | 1. പ്രോ നം. 279, 38 എന്നിവ വഴി ഹരിത കർമ്മ സേനാ പ്രവർത്തനത്തിന് വണ്ടി ഓടിയ വകയിൽ വണ്ടി വാടകയായി തുകകൾ നല്കിയിട്ടുണ്ടെങ്കിലും ഏത് മാസത്തെ തുകയാണ് ഓരോ സാഖ്യാ ബിൽ പ്രകാരം മാറിയിരിക്കുന്നത് എന്നത് വ്യക്തമല്ല. തുക കൈമാറുന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>2. 3 പ്രോജക്ടിന്റെയും രേഖകൾ ക്രമ രഹിതമായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. മുൻവർഷത്തെ ബില്ലുകകളും 2022-23 സാമ്പത്തിക വർഷത്തെ ഫയലിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. |
| 2 | 36- ന്യൂ ലൈഫ് കോളനി നവീകരണം | സ്പിൽ ഓവർ പ്രോജക്ട് ആണ്. ഭൂരിഭാഗം ഗുണഭോക്താക്കൾക്കും 4 ഗഡുക്കളായാണ് തുക നല്കിയിരിക്കുന്നത്. ഇതിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവാണ് തൻ വർഷം നല്കിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഗഡുക്കൾ നൽകിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഏത് സാമ്പത്തിക വർഷം നല്കിയ തുകയുടെ വിവരമാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതെന്നത് വ്യക്തമല്ല |
| 3 | 40- ഭവന പുനരുദ്ധാരണം, എസ്.സി.പി | 37500 വീതമുള്ള 2 ഗഡുക്കളായാണ് തുക നല്കിയിരിക്കുന്നത്. എന്നാൽ തുക നല്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 1- ഭവന പുനരുദ്ധാരണം | തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാ. സദാശിവൻ നായർ, രഘുനാഥൻ നായർ.<br>രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല |

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 38 ന് പൊതുവായ അപാകങ്ങൾ പരിഹരിച്ച് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകളും ബില്ലുകളും പ്രോജക്ട് രൂപീകരണ ഫോറവും വർഷം തിരിച്ച് സൂക്ഷിച്ചുകൊള്ളാമെന്നും രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

II) 2022-23 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ചെലവ് തുകയിൽ അവ്യക്തതയുണ്ട്. സുലേഖ ചെലവ് പത്രികയിലെ ചെലവ് തുക, എ.സി.ആർ പ്രകാരമുള്ള ചെലവ് തുക, ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. പേര് | ഫണ്ട് | അടങ്കൽ | സുലേഖ ചെലവ് പത്രിക പ്രകാരം | എ.സി.ആർ പ്രകാരമുള്ള | ലഭ്യമാക്കിയ സാംഖ്യ |
|---|---|---|---|---|---|

| | | | ചെലവ്(രൂപയിൽ) | ചെലവ് (രൂപയിൽ) | ബില്ലുകൾ (രൂപയിൽ) |
|---|---|---|---|---|---|
| 2/23- കക്കൂസ് മെയിന്റനൻസ് | വികസന ഫണ്ട്, ധനകാര്യ കമ്മിഷൻ അവാർഡ് | 3187800 രൂപ | 1441440 | 1921920 | 2040520 |
| 32/23 ഭവന നിർമ്മാണവും വസ്തു വാങ്ങലും (ലൈഫ്) | വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം | 15,00,000 | 15,00,000 | 15,00,000 | |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,95,00,000 | 4,60,000 | 4,60,000 | |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | 760000 | (760000) | |
| | മറ്റ് ജില്ലാ പഞ്ചായത്ത് | 16,00,000 | 12,80,000 | (12,80,000) | |
| | മറ്റുള്ളവ | 4,81,00,000 | 19,60,000 | 22,00,000 | |
| | **ആകെ** | **7,17,00,000** | **59,60,000** | **62,00,000** | **6520000** |
| 37, ഭവന നിർമ്മാണവും വസ്തു വാങ്ങലും (എസ്.സി) | വികസന ഫണ്ട്, പൊതു വിഭാഗം, എസ്.സി.പി | 79380 | 79380 | 79380 | |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് | 70,00,000 | 8,60,000 | 10,60,000 | |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 50,000,00 | 6,51,000 | (6,51,000) | |
| | മറ്റ് ജില്ലാ പഞ്ചായത്ത് | 30,00,000 | 0 | | |
| | മറ്റുള്ളവ | 1,90,40,000 | 15,79,620 | 3869620 | |
| | **ആകെ** | **3,41,19,380** | **31,70,000** | **56,60,000** | **56,60,000** |
| 98, കക്കൂസ് നിർമ്മാണം | ധനകാര്യ കമ്മിഷൻ അവാർഡ് | 48000 | 48000 | 48000 | |
| | തനത് ഫണ്ട് | 12000 | 0 | 12000 | |
| | **ആകെ** | **60000** | **48000** | **60000** | **60000** |

മറ്റ് പദ്ധതികളിലും ചെലവ് തുക സംബന്ധിച്ച ഇതേ അവ്യക്തത നിലനിൽക്കുന്നുണ്ട്.

1. പ്രോജക്ട് നം. 1, ഭവന പുനരുദ്ധാരണം- 6150000/- രൂപയുടെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. 4900000/- രൂപയാണ് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക.

2. പ്രോജക്ട് നം. 101- കക്കൂസ് നിർമ്മാണം 192000/- രൂപയുടെ സാംഖ്യ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. 168000 രൂപയാണ് സുലേഖ പ്രകാരമുള്ള ചെലവ്.

ചെലവ് തുകയിലെ വ്യത്യാസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 38 ന് പദ്ധതി പ്രകാരം ചെലവായ തുകയുടെ മുഴുവൻ ബില്ലുകളും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ടെന്നും സുലേഖ സോഫ്റ്റ്വെയറിൽ പദ്ധതി ചെലവ് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം വി.ഇ.ഒ ലോഗിനിൽ ലഭ്യമല്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വ്യക്തത തേടി സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് എൻക്വയറി നം. 39 ന് മറുപടി ലഭ്യമാക്കിയതുമില്ല. ചെലവ് തുക സംബന്ധിച്ച അവ്യക്തത പരിശോധിച്ച് വ്യക്തമായ നിഗമനത്തിലെത്താൻ പൂർണ്ണമായ രേഖകൾ സമയബന്ധിതമായി ഓഡിറ്റ് വേളയിൽ ലഭ്യമാക്കാത്തതിനാൽ കഴിഞ്ഞിട്ടില്ല. ആയതിനാൽ വി.ഇ.ഒ യുടെ പദ്ധതികളിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർ പരിശോധനയ്ക്കായി മുഴുവൻ രേഖകളും തരം തിരിച്ച് കൃത്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്കായി ആവശ്യപ്പെടുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ഭവന നിർമ്മാണത്തിനായി നല്കിയ തുക പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചിട്ടില്ല.

| | | | |
|---|---|---|---|
| പ്രോ നം., പേര് | 285/23, ലൈഫ് ഭവന നിർമ്മാണം | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | |
| അടങ്കൽ | 4,40,000,00 | വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം | 30,00,000 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,10,00,000 |
| | | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 22,000,00 |
| | | മറ്റ് ജില്ലാ പഞ്ചായത്ത് | 36,000,00 |
| | | മറ്റുള്ളവ | 2,42,00,000 |
| ചെലവ് | 25,40,000 | വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം | 21,20,000 |
| | | മറ്റുള്ളവ | 4,20,000 |
| എ.സി.ആർ -ബിൽ നം. | 1170/31-03-2023- 80000/- രൂപ | | |

ശ്രീമതി ശ്രീകുമാരി എന്ന ഗുണഭോക്താവിന് ബിൽ നം. 1170/ 31-03-2023 വഴി ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് പണിയുന്നതിനുള്ള ആദ്യ ഗഡുവായി 40000/- രൂപ നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം വീട്ടുപണി ആരംഭിക്കാൻ കഴിയില്ലെന്നും തുക തിരിച്ചടയ്ക്കാൻ സന്നദ്ധയാണെന്നും 11-07-2023 ലെ കത്ത് പ്രകാരം ടി ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി വ്യക്തി തുക തിരികെ അടവാക്കിയിട്ടില്ല. ഭരണ സമിതി ഉചിതമായ തീരുമാനം എടുത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ആയുഷ് എൻ.എച്ച്.എം. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ –'ഔഷധി' കരാർ നിബന്ധന പാലിച്ചില്ല.

പദ്ധതി നമ്പർ :24/2023
പദ്ധതിയുടെ പേര് : ആയുഷ് എൻ.എച്ച്.എം. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ
അടങ്കൽ തുക : 15,00,000/-
ചെലവ് തുക : 15,00,000/-
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ : തീയതി, തുക : 307/14.10.2022, 15,00,000/-

മരുന്നുകളുടെ വിലയായി 15 ലക്ഷം രൂപ 14.10.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90278942 | 11.11.2022 | 90,619/- | 12.11.2022 |
| 90277745 | 31.10.2022 | 3,95,596/- | 12.11.2022 |
| 90278937 | 11.11.2022 | 2,12,793/- | 12.11.2022 |
| 90281304 | 30.11.2022 | 80,899/- | 17.12.2022 |
| 90282684 | 16.12.2022 | 45,360/- | 25.01.2023 |
| 90284034 | 28.12.2022 | 2,65,123/- | 25.01.2023 |
| 90287459 | 24.01.2023 | 42,315/- | 25.01.2023 |
| 90288044 | 30.01.2023 | 2,07,817/- | 18.02.2023 |
| 90292126 | 27.02.2023 | 1,04,803/ | 17.03.2023 |
| 90297970 | 31.03.2023 | 25,156/- | 17.03.2023 |
| 90284060 | 28.12.2023 | 29,610/- | 25.01.2023 |
| | **ആകെ** | **15,00,091/-** | |

നിർവ്വഹണ ഉദ്യോഗസ്ഥനും ഔഷധിയുമായി 21.10.2022 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. മരുന്നുകൾ ഇത്രയും വൈകി വിതരണം ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11 /തീയതി: 15.11.2023) മറുപടി ലഭ്യമാക്കിയില്ല. അവശ്യ സേവനങ്ങളായ മരുന്നുകൾ കൃത്യ സമയത്ത് തന്നെ ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-31 അക്കൗണ്ട് നമ്പർ മാറി സബ്സിഡി ക്രെഡിറ്റ് ചെയ്തു

താഴെപ്പറയുന്ന പദ്ധതികളിൽ അക്കൗണ്ട് നമ്പർ മാറി സബ്സിഡി ക്രെഡിറ്റ് ചെയ്തു.

1)

| | |
|---|---|
| പ്രോജക്ട് നം. | 57/2022-23 |
| പദ്ധതിയുടെ പേര് | കാർഷികാവശ്യത്തിന് ജലസേചന പമ്പ് |
| അടങ്കൽ ആകെ | 200000/- (വി.ഫ . 100000, MF. Others- 100000 ) |
| ആകെ ചെലവ് | 74475/- (വികസനഫണ്ട്) |
| ബിൽ നം/ Proceedings No. | 56/22- 23 Dt.7.6.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കാർഷികാവശ്യത്തിന് ജലസേചന പമ്പ് സെറ്റ് വാങ്ങിയതിന് 9 ഗുണഭോക്താക്കൾക്ക് മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ശ്രീ. ജോൺ.പി.ജോർജ്, പടിഞ്ഞാറേ തോപ്പിൽ, വെടിവെച്ചാൻകോവിൽ, എന്ന ഗുണഭോക്താവ് പമ്പ് സെറ്റ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിരുന്നു. അപേക്ഷ പ്രകാരം അക്കൗണ്ട് നം. 113010100076696/ Axis Bank എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ Distribution List ൽ 30190604873/SBIN0008671 എന്ന അക്കൗണ്ടിലേയ്ക്കാണ് Rs. 4750/- ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തന്നെയാണോ തുക കൈമാറിയിട്ടുള്ളതെന്ന വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ക്രഡിറ്റ് ചെയ്ത് അക്കൗണ്ടും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം. | 61/2022-23 |
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം - മരച്ചീനികൃഷിക്ക് കൂലിചെലവ് - സബ്സിഡി |
| അടങ്കൽ ആകെ | 538120/- (വി.ഫ. 138120/- MF. Others- 400000 ) |
| ആകെ ചെലവ് | 71160/- (വികസന ഫണ്ട്) |
| ബിൽ നം/ Proceedings No. | 55/22- 23 Dt.7.6.22 - 69560/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1) ബിൽ നം. 55/22-23 ലെ ശ്രീമതി. ശോഭന, നെടിഞ്ഞിൽ ചരുവിള, വെണ്ണിയൂർ, നെല്ലിവിള .പി.ഒ എന്നയാളുടെ അപേക്ഷയിൽ Ac. No- 40638101052958 എന്ന നമ്പറാണ് ചേർത്തിരിക്കുന്നത് (ബാങ്ക് പാസ്സ് ബുക്ക് പ്രകാരം). എന്നാൽ വിതരണ ലിസ്റ്റ് പ്രകാരം 57032073208/ SBIN0070307 എന്ന അക്കൗണ്ട് നമ്പറിലേയ്ക്കാണ് Rs. 20000/- ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

**2)** ശ്രീമതി. അഞ്ജുകൃഷ്ണ .ബി.കെ, ബിന്ദുഭവൻ, നട്ടക്കാട്, നരുവാമൂട് പി.ഒ എന്നയാളുടെ അപേക്ഷപ്രകാരമുള്ള Ac.No – 86948634985/ SBI ആണ്. എന്നാൽ വിതരണ ലിസ്റ്റിൽ 33311895697/ SBIN0000257 എന്ന അക്കൗണ്ട് നമ്പറിലേയ്ക്കാണ്. Rs. 4000/- ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി കാര്യങ്ങളിൽ വ്യക്തത ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/23 തീയതി 15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗുഭോക്താവിന്റെ അക്കൗണ്ട് നമ്പറിലേയ്ക്കാണോ തുക കൈമാറിയിട്ടുള്ളതെന്ന വിവരം പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ആയുർവ്വേദ ആശുപത്രിക്ക് ചുറ്റുമതിലും, കവാടവും നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 209/2022-23 |
| പദ്ധതിയുടെ പേര് | ആയുർവ്വേദ ആശുപത്രിക്ക് ചുറ്റുമതിലും, കവാടവും നിർമ്മിക്കുന്നത് |
| അടങ്കൽ ആകെ | 200000/- മെയിന്റനൻസ് ഫണ്ട് |
| ആകെ ചെലവ് | 178470/- ടി |

| | |
|---|---|
| ബിൽ നം/ Proceedings No. | 1126/28.3.23 ,Rs.178470/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ.ആശുപത്രിക്ക് ചുറ്റുമതിലും, കവാടവും നിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ആയുർവ്വേദ ആശുപത്രിക്ക് ചുറ്റുമതിലും കവാടവും എന്നാണ് പ്രോജക്ടിൽ പറഞ്ഞിട്ടുള്ളത്. 18.11.23 ൽ പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലം പരിശോധന നടത്തുകയുണ്ടായി. സ്ഥല പരിശോധനയിൽ ആശുപത്രിയുടെ പുറക് വശത്തെ മതിൽ പഴക്കം ചെന്നതും പായൽ പിടിച്ചതുമായ നിലയിലാണ് കണ്ടത്. കൂടാതെ നിലവിലുള്ള് മതിലിനു മുകളിൽ രണ്ട് വരി സിമന്റ് കട്ട ഉപയോഗിച്ച് മതിൽ ഉയർത്തിയിട്ടുമുണ്ട്. പുതിയ നിർമ്മാണ പ്രവൃത്തികൾ നടന്നതായി കാണാൻ കഴിഞ്ഞില്ല. ആശുപത്രിയുടെ കവാടം നിർമ്മിച്ചിരിക്കുന്ന കമ്പിക്ക് കേടുപാടുകൾ സംഭവിച്ചിട്ടുമുള്ളതാണ്. 27.3.23 ലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. Defect Liability Period അവസാനിക്കുന്നതിന് മുൻപ് കേട്പാടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ടും പ്രവൃത്തി സംബന്ധിച്ച് പ്രസ്തുത സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-33 ടേക്ക് എ ബ്രേക്ക് - കെട്ടിടം പണി പൂർത്തിയായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0204/23 |
| പദ്ധതിയുടെ പേര് | ടേക്ക് എ ബ്രേക്ക് പൂർത്തീകരണം |
| അടങ്കൽ ആകെ | 955917/-DF |
| ആകെ ചെലവ് | 225873/- |
| ബിൽ നം/ Proceedings No. | 1126/28.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

താന്നിവിള ഫാമിലി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മിക്കുന്ന ടേക്ക് എ ബ്രേക്ക് - വിശ്രമകേന്ദ്രം പൂർത്തീകരണത്തിനായി CFC ടൈഡ് ഫണ്ടിൽ നിന്നും 955917/- രൂപ വകയിരുത്തിയിരുന്നു. പദ്ധതി പൂർത്തീകരണ ഫോറം പ്രകാരം പദ്ധതി പൂർത്തീകരണതിനായാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ 18.11.23 തീയതിയിൽ പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം പണി പൂർത്തീകരിച്ചതായി കാണുന്നില്ല. നിലവിൽ ഉപയോഗ യോഗ്യമാക്കാനാവശ്യമായ വൈദ്യുതി കണക്ഷൻ, പൈപ്പ് കണക്ഷൻ എന്നീ സൗകര്യങ്ങളൊന്നും തന്നെ കെട്ടിടത്തിൽ ചെയ്തിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രത്തിനകത്തെ കോമ്പൗണ്ടിനുള്ളിൽ ആണ് ടേക്ക് എ ബ്രേക്ക് കെട്ടിടം പണി ചെയ്തിരിക്കുന്നത്. വഴിയാത്രക്കാരായ പൊതുജനങ്ങൾക്കുൾപ്പെടെ ഉപയോഗിക്കുവാൻ സാധ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ബ്ളോക്ക് പഞ്ചായത്ത്**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 5357406 | 6754110 | 12111516 | 2156704 | * 9954812 |

* AFS പ്രകാരം നീക്കിയിരിപ്പ് 0 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**ജില്ലാ പഞ്ചായത്ത്**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 18104 | 3455000 | 3473104 | 3135000 | * 338104 |

* AFS പ്രകാരം നീക്കിയിരിപ്പ് 18104/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**മുൻസിപ്പൽ കോർപ്പറേഷൻ**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് AFS പ്രകാരം |
|---|---|---|---|---|
| 1400000 | 0 | 1400000 | 1314981 | 85019 |

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | | | 177/23, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 295000 | 0 |
| 2 | | | | 32/23, ഭവന നിർമ്മാണവും വസ്തു വാങ്ങലും (ലൈഫ്) | 1280000 | 0 |
| 3 | | | | 278/23, ലൈഫ് ഭവന പദ്ധതി -പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാമം | 1560000 | 0 |
| | | | | **ആകെ** | **3135000** | |
| 1 | ബ്ളോക്ക് പഞ്ചായത്ത് | 2022-23 | | 32/23, ഭവന നിർമ്മാണവും വസ്തു വാങ്ങലും (ലൈഫ്) | 760000 | 0 |
| 2 | | | | ഭ37/23, ന നിർമ്മാണവും വസ്തു വാങ്ങലും (SC) | 651000 | 0 |
| 3 | | | | 177/23, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുടുംബങ്ങൾക്കുള്ള സ്കോളർഷിപ്പ് | 301875 | 0 |
| 4 | | | | 161/23, ക്ഷീരസമൃദ്ധി | 243829 | 0 |
| 5 | | | | 6/23, അംഗനവാടിയിൽ അനുപൂരക പോഷകാഹാര വിതരണം | 200000 | 0 |
| | | | | **ആകെ** | **2156704** | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ | പ്രവൃത്തിയുടെ പേര് | മുൻകൂർ | തൻ വർഷം | ബാക്കിയുള്ള |
|---|---|---|---|---|

| ഏജൻസി | | നൽകിയ തുക | ചെലവഴിച്ച തുക | തുക |
|---|---|---|---|---|
| കെഎസ്ഇബി | 123/23, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 99511 | |
| | 122/23, സ്ട്രീറ്റ് ലൈൻ പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ | | 91152 | |
| | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | | 601388 | |

| | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| കെഎസ്ഇബി | 8951324 | 792051 | 9652223 |
| കേരള വാട്ടർ അതോറിറ്റി | 5015353 | 0 | 5015353 |
| കേരള ഭൂജല വകുപ്പ് | 64224 | 0 | 64224 |

കെഎസ്ഇബി യുടെ AFS പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ /വായ്പാതരിച്ചടവ്

2022-2023 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷികക്കുന്ന വായ്പ തുകയുടെയും വിശദ വിവരം.

| വായ്പയുടെ പേര് /ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | B5 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യൂ ആർ ഡി എഫ് സി ലോൺ ലൈഫ് മിഷൻ | ഇല്ല | 6000000 | 86666297 | 9928044 | 0 | 82738253 |
| കോ-ഓപ്പറേറ്റീവ് ലോൺ | ഇല്ല | 0 | 270403 | 0 | 0 | 270403 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| വാർഷിക ധനകാര്യ പത്രിക പ്രകാരം ഈടാക്കിയ തുക | ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും | രസീത് നം./ തീയതി |
|---|---|---|
| 200 | ഡി.എസ്. ചന്ദ്രകുമാർ | 1220202489/13.12.2022 |
| 10000 | VSSC Hollow Blocks & Crushed Divsion | 1220203190/11.01.2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 18750816 |
| ഓഡിറ്റ് വർഷത്തെ വരവ് | 83312085 |
| ആകെ | 102062901 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79408089 |
| നീക്കിയിരിപ്പ് | 22654812 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **24,42,051/-** |

(ബി) പഞ്ചായത്ത ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-23 | 24,42,051 | ശ്രീ. സുരേഷ് .കെ.വി, സെക്രട്ടറി |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നനിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് .കെ.വി, സെക്രട്ടറി | സെക്രട്ടറി, പള്ളിച്ചൽ ഗ്രാപഞ്ചായത്ത് | ദിവ്യശ്രീ, പത്മനാഭ നഗർ, നെട്ടയം, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 12 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 13 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 5 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 8 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711 /2022 തീയതി:30/09/2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711 /2022 തീയതി:30/09/2022 | 9 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 17 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 20 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1780/2017 തീയതി:23/08/2017 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി4/2552/2018 തീയതി:06/05/2020 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി4/803/2020 തീയതി:19/01/2021 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി4/656/2021 തീയതി:31/03/2021 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി4/981/2022 തീയതി:29/06/2022 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി4/156/2022 തീയതി:03/03/2023 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-08-2023 and submitted on 26-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pallichal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pallichal Grama Panchayat for the year 2022-2023

**Date: 25/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pallichal Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Deficit balance for the institution as per the income & expenditure statement (Rs.7848002/-). Expenditure (Rs. 314966127/-) exceeds income (Rs. 308074432/-) as per the income & expenditure statement.

2) As per the AFS of 2021-22 balance sheet the value of asset is Rs. 94990632/-. But the asset value included as opening balance for 2022-23 AFS is Rs. 96460851/-. The difference is Rs. 1470219/- which is to be explained.

**2.Other Observations**

**Other Observations**

1. The mandatory Financial Statements prescribed in Accounting Rules are not included in the AFS ,eg- Ratios

2.The valuation of stock and stores are nodone at the end of the financial year and also not included in B-14 (stock in

hand) schedule.

3. Asset register is not updated so the value of assets shown inthe balance sheetcannot be ascertained properly.

4. The difference between cash and cash equivalance does not match with the net cash generated by operating, investing and financing activities.

5. Monthly reconciliation statement is not prepared. Reconciliation was done only at the end of the financial year.

6. DCB Registers do not match with AFS eg. Property tax register, Profession tax register.

7.The balance as per B7 for contractors retension amount does not match with the actual amount as per recorded entries in receipt and payment schedules. The amount recorded as per B7 is 339425/- instead of the actual amount of 319762

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022–2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്